I ഇ.ബി. XIV - കേരള നിയമസഭ/II-21

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 നവംബർ 2, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

I **അടിയന്തരപ്രമേയം**

കളക്ടറേറ്റിലുണ്ടായ സ്ഫോടനം

മി. സ്പീക്കർ: ഇന്നലെ മലപ്പുറം കളക്ടറേറ്റിൽ ഉണ്ടായ സ്ഫോടനംമൂലം ഉയർന്നിട്ടുള്ള ഗുരുതരമായ സുരക്ഷാ ഭീഷണി കണക്കിലെടുത്ത് ഇത്തരം

സംഭവങ്ങൾ തടയാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ഉബൈദുള്ള, പി. ടി. തോമസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മലപ്പുറം സിവിൽ സ്റ്റേഷൻ വളപ്പിൽ ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിക്ക് സമീപം പാർക്ക് ചെയ്തിരുന്ന മലപ്പുറം ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസറുടെ കാറിനടിയിൽ കിടന്ന സ്ഫോടകവസ്തു പൊട്ടി ആ കാറിനും സമീപത്ത് നിർത്തിയിട്ടിരുന്ന മറ്റൊരു കാറിനും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. സംഭവം നടന്നയുടൻ പോലീസ്, ഫയർഫോഴ്സ്, ബോംബ് സ്ക്വാഡ്, ഫോറൻസിക് സയന്റിഫിക് വിദഗ്ദ്ധർ, ഡോഗ് സ്ക്വാഡ് ഉൾപ്പെടെയുള്ളവർ സ്ഥല പരിശോധന നടത്തുകയും സ്ഫോടനം നടന്ന കാറിനരികിൽനിന്നും 'ദ ബേസ് മൂവ്മെന്റ്' എന്ന് പ്രിന്റ് ചെയ്ത് ഒട്ടിച്ച ഹാർഡ്ബോർഡ് പെട്ടിയും അതിൽനിന്ന് ഒരു പെൻഡ്രൈവും ചില നോട്ടീസുകളും കണ്ടെത്തുകയും ചെയ്തു. സംഭവസ്ഥലത്തുനിന്നും ലഭിച്ച വസ്തുക്കളും സാമ്പിളുകളും ശേഖരിച്ച് സ്ഫോടക വസ്തു നിയമത്തിലെ 3 (എ) വകുപ്പുപ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും

മലപ്പുറം നർക്കോട്ടിക് സെൽ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ അന്വേഷണത്തിനായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. പി. ഉബൈദുള്ള</u>: മലപ്പുറം കളക്ടറേറ്റിൽ നടന്ന സ്ഫോടനം പരിസര പ്രദേശങ്ങളിലെ ജനങ്ങളിൽ ഭീതിയും ആശങ്കയുമുണ്ടാക്കിയിരിക്കുകയാണ്. മലപ്പുറം ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസറുടെ കാറിനരികിൽ സ്ഫോടകവസ്തു കൊണ്ടുവച്ചതിനുപിന്നിൽ അവിടത്തെ സമാധാനാന്തരീക്ഷം തകർക്കാനുള്ള ആസൂത്രിത ശ്രമമാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കേരള പോലീസ് സേനയ്ക്ക് വിപുലമായ സംവിധാനങ്ങളുണ്ടായിട്ടും ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത് വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. കൊല്ലം കളക്ടറേറ്റിലുണ്ടായ സമാന സ്ഫോടനത്തെക്കുറിച്ച് അന്വേഷണം നടത്തി ഉത്തരവാദികളായ ആളുകളെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുമായിരുന്നില്ല. മലപ്പുറം ജില്ലയിൽ 'ദ ബേസ് മൂവ്മെന്റ്' എന്ന പേരിൽ സംഘടന പ്രവർത്തിക്കുന്നുണ്ടോ എന്നതിനെക്കുറിച്ച് അന്വേഷണം നടത്തുന്നതോടൊപ്പം മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ

നടപടികളെടുക്കുകയും വേണം. മലപ്പുറം ജില്ല തീവ്രവാദികളുടെയും ഭീകരവാദികളുടെയും താവളമായി മാറാൻ പോകുന്ന എന്നരീതിയിൽ പ്രചരണം നടത്തുന്നതിനു വേണ്ടിയാണോ ഇത്തരം ശ്രമങ്ങൾ നടത്തുന്നതെന്ന് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. ഈ സംഭവത്തിന് ഉത്തരവാദികളായ ആളുകളെ കാലതാമസം കൂടാതെ പിടികൂടി നിയമത്തിനു മുന്നിൽ കൊണ്ടുവരണം. അതീവ ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തീവ്രവാദ പ്രവർത്തനത്തിനെതിരെ യോജിച്ച നീക്കം സംസ്ഥാനത്ത് ഉയർന്നു വരേണ്ടതായിട്ടുണ്ട്. മലപ്പുറത്തുണ്ടായ സ്ഫോടനം ഏത് തരത്തിലാണ് സംഭവിച്ചത് എന്നത് അന്വേഷണത്തിലൂടെ മാത്രമേ വ്യക്തത വരുത്താൻ കഴിയുകയുള്ളൂ. കൊല്ലം കളക്ടറേറ്റിലുണ്ടായ സ്ഫോടനവുമായി ബന്ധപ്പെട്ട കേസിന്മേൽ ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ എ.സി.പി.-യുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം അന്വേഷണം നടത്തി വരികയാണ്. നേരത്തെയുണ്ടായ സമാന സംഭവങ്ങളിൽ ഉത്തരവാദികളായവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നത് വസ്തുതയാണ്. ഇതിനെക്കുറിച്ച് മറ്റ്

വ്യാഖ്യാനങ്ങളിലേയ്ക്ക് പോകുന്നത് പൊതുതാൽപ്പര്യങ്ങൾക്ക് നിരക്കുന്നതല്ല. സ്ഫോടനത്തിന് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനുള്ള പൊലീസ് അന്വേഷണം കൃത്യമായി മുന്നോട്ടുപോകുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വാക്കൗട്ട് നടത്തുന്നില്ല. ജനങ്ങളിൽ പരിഭ്രാന്തി പരത്തുകയാണ് ലക്ഷ്യമെന്ന് സ്ഫോടനം നടന്ന സാഹചര്യങ്ങൾ വ്യക്തമാക്കുന്നു. കർണ്ണാടകയിലും ആന്ധ്രാപ്രദേശിലെ ചിറ്റൂരിലും ഉണ്ടായതുപോലെയുള്ള സമാന സംഭവങ്ങൾ കൊല്ലം, മലപ്പുറം കളക്ടറേറ്റിലും ഉണ്ടായത് വളരെ ഗൗരവത്തോടുകൂടി കാണേണ്ട വിഷയമാണ്. സൗഹാർദ്ദത്തിന് പേരുകേട്ട കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും മത സംഘടനകളും തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിലപാടാണ് സ്വീകരിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ പേരിൽ ഏതെങ്കിലുമൊരു ജന വിഭാഗത്തെമാത്രം കുറ്റപ്പെടുത്തുന്ന നടപടികളോട് യോജിക്കാൻ കഴിയില്ല. കൊല്ലം, മലപ്പുറം

കളക്ടറേറ്റുകളിലുണ്ടായ സ്ഫോടനത്തെക്കുറിച്ച് സമർത്ഥരായ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ച് അന്വേഷണം നടത്താനും ഇതിനുപിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്താനും നടപടി സ്വീകരിക്കുന്നതോടൊപ്പം ഇന്റലിജൻസ് വിംഗിന്റേയും സ്പെഷ്യൽ ബ്രാഞ്ചിന്റേയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും വേണം. കേരളത്തിന്റെ സമാധാനാന്തരീക്ഷം തകർക്കാനുള്ള നീക്കത്തെ ചെറുക്കണം.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ പ്രസ്താവന നടത്തിയശേഷം സഭയിൽ നിന്നും പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

### (1) സംസ്ഥാന പാതയുടെ നിർമ്മാണം

ശ്രീ. കെ. ബാബു: ഏറ്റവും കൂടുതൽ ആദിവാസികൾ പാർക്കുന്ന വനസമ്പത്തിന്റെയും ജല സമൃദ്ധിയുടെയും പ്രദേശമാണ് നെന്മാറ മണ്ഡലത്തിലെ പറമ്പിക്കുളം. പറമ്പിക്കുളം-ആളിയാർ നദീജല കരാർ സമയബന്ധിതമായി പുതുക്കാത്തതുകാരണമുണ്ടാകുന്ന നദീജല പ്രശ്നം ഇരു സംസ്ഥാനങ്ങൾ തമ്മിലുള്ള പ്രശ്നമായി മാറുകയാണ്. പറമ്പിക്കുളത്ത് പ്രശ്നമുണ്ടാകുമ്പോൾ

അതുവഴിയുള്ള ഗതാഗതം തമിഴ്നാട് തടസ്സപ്പെടുത്തുകയാണ്. ആദിവാസി ഊരുകളിൽ നിന്ന് പറമ്പിക്കുളത്തേയ്ക്ക് വരുന്ന യാത്രക്കാരിൽനിന്നും തമിഴ്നാട് ചെക്ക്പോസ്റ്റിൽ പണപ്പിരിവ് നടക്കുന്നുണ്ട്. തമിഴ്നാടിനെ ആശ്രയിക്കാതെ കേരള അതിർത്തിയിൽക്കൂടിത്തന്നെ ജനങ്ങൾക്ക് സഞ്ചരിക്കുന്നതിനുള്ള പാതയുണ്ടായിരുന്നു. മുതലമടയിലെ ചെമ്മണാംപതി വഴി മുടിവായി-വെള്ളക്കൽക്കെട്ട്-തേക്കടി വരെ ഒരു ബഫറിലും കോർ ഏരിയയിലും പെടാത്ത പ്രദേശമുണ്ട്. അതുവഴി ജീപ്പുകൾക്ക് കടന്നുപോകത്തക്കവിധമുള്ള റോഡുണ്ടാക്കിയാൽ പറമ്പിക്കുളത്തേയ്ക്ക് കേരള അതിർത്തിയിൽക്കൂടിത്തന്നെ സഞ്ചരിക്കാൻ കഴിയും. ഇതിനായി ഉന്നതതല യോഗം വിളിക്കാൻ സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളത്തിന്റെ താത്പര്യം സംരക്ഷിച്ചുകൊണ്ട് പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുനരവലോകനം ചെയ്യാനുള്ള നടപടികൾ നടന്നു വരികയാണ്. കേരളത്തിനകത്തുകൂടി മാത്രം സഞ്ചരിച്ച് പറമ്പിക്കുളത്തേക്ക് എത്തുന്നതിനുള്ള മാർഗ്ഗം തൂത്തംപാറ എസ്റ്റേറ്റ് വഴിയാണ്. ഇത് അപകടം നിറഞ്ഞ ഫോറസ്റ്റ് റോഡാണ്. പ്രസ്തുത റോഡിന്റെ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് ഈ റോഡ് നിർമ്മിക്കുന്നതിനെ

ശക്തമായി എതിർത്തിരിക്കുകയാണ്. കേരളത്തിനകത്തുകൂടി മാത്രം സഞ്ചരിച്ച് പറമ്പിക്കുളത്തെത്താൻ നിലവിലെ ഫോറസ്റ്റ് റോഡ് നന്നാക്കിയെടുക്കണം. എന്നാൽ ഇത്തരത്തിൽ റോഡ് നിർമ്മിച്ചാൽ വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുമെന്നതിനാൽ സുപ്രീംകോടതിയുടെയും ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരമുള്ളതുമായ അനുവാദം ആവശ്യമാണ്. നിലവിൽ പറമ്പിക്കുളത്തേയ്ക്ക് ഗതാഗത തടസ്സമില്ല. പറമ്പിക്കുളത്തുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ശ്രമിക്കുന്നതും തടസ്സമില്ലാതെ സഞ്ചരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(2) <u>മടങ്ങി വരുന്ന പ്രവാസി കേരളീയരുടെ പ്രശ്നങ്ങൾ</u>

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് മികച്ച സംഭാവന നൽകുന്ന പ്രവാസി മലയാളികൾ ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണവും സാമ്പത്തികമാന്ദ്യവുംമൂലം മടങ്ങിവരേണ്ടി വരുന്നതുമായി ബന്ധപ്പെട്ട പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കണം. വിമാനക്കൂലി വർദ്ധിക്കുകയും വരുമാനം വെട്ടിക്കുറയ്ക്കുകയും തൊഴിൽ നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ മറ്റിടങ്ങളിൽ

തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും നാട്ടിലെ തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും തൊഴിൽ മാന്യതയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതുമടക്കമുള്ള കാര്യങ്ങൾ ആലോചിക്കുന്നതിനും പ്രവാസി പുനരധിവാസത്തിന് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനും നടപടികളുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഗൾഫ് രാജ്യങ്ങളിൽ നടപ്പാക്കുന്ന സ്വദേശിവൽക്കരണവും സാമ്പത്തികമാന്ദ്യവും നിതാഖത് പോലുള്ള തൊഴിൽ നിയമങ്ങളും കാരണം ആയിരക്കണക്കിന് പ്രവാസി മലയാളികൾക്ക് നാട്ടിലേയ്ക്ക് മടങ്ങേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. ഈ പ്രതിസന്ധി കേരളത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് കനത്ത ആഘാതമുണ്ടാക്കുന്നതാണ്. തിരികെ എത്തുന്ന പ്രവാസികൾക്കായി സമഗ്ര പുനരധിവാസ പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ടിനായി ചർച്ചകൾ തുടങ്ങിയിട്ടുണ്ട്. പ്രവാസിക്ഷേമത്തിന് 28 കോടി രൂപയും പുനരധിവാസ പദ്ധതിക്ക് 12 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തുകയും ക്ഷേമനിധി ബോർഡിന്റെ വിഹിതം 10 കോടി രൂപയാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന

പ്രവാസികൾക്കായി മൂലധന പലിശ സബ്സിഡി നൽകി 20 ലക്ഷം രൂപ വരെ ബാങ്ക് വായ്പ അനുവദിക്കുന്ന പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് എന്ന പദ്ധതി നോർക്ക നടപ്പാക്കിയിട്ടുണ്ട്. പ്രവാസികൾക്കായി സാന്ത്വന പദ്ധതിയും നിലവിലുണ്ട്. പ്രവാസി സഹകരണ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും സാമ്പത്തിക സുരക്ഷാ പദ്ധതി രൂപീകരിക്കുന്നതിനും സജീവ പരിഗണന നൽകുന്നതോടൊപ്പം ആവശ്യമായ എല്ലാ നടപടികളും ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിന് സ്വീകരിക്കുന്നതാണ്. പ്രവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം അനുകൂലമല്ലെങ്കിലും കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള ശ്രമം തുടരുന്നതാണ്.

## III സബ്മിഷൻ

### (1) സർഫാസി നിയമത്തിന്റെ ദുരുപയോഗം

ശ്രീ. എം. സ്വരാജ്: എറണാകുളം ജില്ലയിലെ വല്ലാർപാടത്ത് സർഫാസി നിയമം ദുരുപയോഗം ചെയ്ത് പാവപ്പെട്ട പട്ടികജാതി കുടുംബങ്ങളെ കെണിയിൽപ്പെടുത്തി കിടപ്പാടം തട്ടിയെടുക്കുന്ന മാഫിയ സംഘത്തിനെതിരെ സമഗ്രാന്വേഷണം നടത്തി നിയമ നടപടികൾ

സ്വീകരിക്കുന്നതിനും തട്ടിപ്പിനിരയായവർക്ക് നഷ്ടപ്പെട്ട ഭൂമി തിരികെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. ടി. തോമസ്: സർഫാസി നിയമത്തിന്റെ മറവിൽ നടക്കുന്ന വ്യാപക തട്ടിപ്പുകൾ തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊച്ചി നഗരപരിധിയിലെ മുളവുകാട് വില്ലേജിൽപ്പെട്ട ദരിദ്ര ദളിത് കുടുംബങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ മുതലെടുത്ത് ബാങ്കുകളിൽ നിന്നും വായ്പ ശരിയാക്കി നൽകാമെന്ന് വിശ്വസിപ്പിച്ച് അവരുടെ പേരിലുള്ള വീടിന്റെയും സ്ഥലത്തിന്റെയും ആധാരം പ്രതികളുടെ പേരിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. പ്രസ്തുത ആധാരത്തിന്റെ ഈടിന്മേൽ ബാങ്കുകളിൽനിന്നും വൻതുകകൾ വായ്പയെടുക്കുകയും യഥാർത്ഥ സ്ഥലമുടമകൾക്ക് നാമമാത്രമായ തുക നൽകി ബാക്കി തുക പ്രതികൾ കൈവശപ്പെടുത്തുകയുമാണ് ചെയ്തത്. ചില ബാങ്ക് ഉദ്യോഗസ്ഥരുടെ ഒത്താശയോടെ പ്രതികൾ കൈപ്പറ്റിയ വായ്പത്തുകയുടെ പലിശയും മുതലും തിരിച്ചടയ്ക്കാൻ സാധിക്കാത്തതിനാൽ പരാതിക്കാരുടെ ഭൂമി സർഫാസി നിയമപ്രകാരം ജപ്തി ചെയ്യാൻ ബാങ്ക് നടപടി സ്വീകരിച്ചതിന്റെ പേരിൽ കബളിപ്പിക്കപ്പെട്ടവർ വല്ലാർപാടം ദ്വീപിൽ ഇപ്പോൾ സമരം

നടത്തിവരികയാണ്. പ്രസ്തുത വിഷയത്തിൽ പതിനേഴ് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും കൊച്ചി സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ മേൽനോട്ടത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് പത്ത് കേസ്സുകളിൽ അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്യുകയും അന്വേഷണം പൂർത്തിയാക്കിയ അഞ്ച് കേസ്സുകളുടെ കുറ്റപത്രം കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി അഞ്ച് കേസ്സുകളിൽ അന്വേഷണം നടന്നുവരുന്നു. സി.ബി.സി.ഐ.ഡി-ഉം എക്കണോമിക് ഒഫൻസസ് വിംഗും സർഫാസി നിയമവുമായി ബന്ധപ്പെട്ട് എറണാകുളം യൂണിറ്റിൽ അഞ്ച് കേസ്സുകൾ അന്വേഷിക്കുകയും കുറ്റപത്രം കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബാങ്ക് വായ്പയിനത്തിൽ കോടിക്കണക്കിന് രൂപ തട്ടിയെടുത്തശേഷം വസ്തു ഈട് നൽകിയവർക്ക് നാമമാത്രമായ തുക നൽകി വഞ്ചിച്ച കേസ്സാണെങ്കിലും സർഫാസി നിയമപ്രകാരം ഈട് നൽകിയ സ്ഥാവര ജംഗമ വസ്തുക്കളിൽനിന്നും ബാദ്ധ്യത ഈടാക്കുന്നതിന് ബാങ്കുകൾക്ക് അനുമതി നൽകുന്നുണ്ട്. ഇവിടെയുണ്ടായ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജില്ലാകളക്ടർ, ബാങ്ക് പ്രതിനിധികൾ ഉൾപ്പെടെയുള്ളവരുമായി ആലോചിച്ച് നിരാലംബരായ ജനങ്ങൾക്ക്

ആശ്വാസകരമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ അന്വേഷണവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ ആവശ്യമാണെങ്കിൽ അതും സ്വീകരിക്കുന്നതാണ്.

(2) മൾട്ടി ലെവൽ കാർ പാർക്കിംഗ്

ശ്രീ. അൻവർ സാദത്ത്: കൊച്ചി മെട്രോയുമായി ബന്ധപ്പെട്ട് ആലുവ ബൈപ്പാസിൽ മൾട്ടി ലെവൽ കാർ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനും ഗതാഗതക്കുരുക്ക് ഒഴിവാക്കിയും റോഡുകൾ വീതി കൂട്ടിയും ആലുവയെ കൂടുതൽ മോടിപിടിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ ): കൊച്ചി മെട്രോയുടെ പ്രവേശന കവാടമെന്ന നിലയിൽ ആലുവ പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ആലുവ മെട്രോ സ്റ്റേഷനിൽ 32 കാറുകൾക്കും 20 ഇരുചക്ര വാഹനങ്ങൾക്കുമുള്ള പാർക്കിംഗ് സൗകര്യമാണുള്ളത്. പ്രവേശന കവാടമെന്ന നിലയിൽ ആലുവ സ്റ്റേഷൻ പരിസരത്ത് 110 സെന്റ് സ്ഥലം പാർക്കിംഗിനും വാണിജ്യസമുച്ചയത്തിനുമായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഏറ്റെടുത്തിട്ടുണ്ട്. ആലുവ ബൈപ്പാസ് ജംഗ്ഷൻ മുതൽ പുളിഞ്ചോട് മെട്രോ സ്റ്റേഷൻ വരെയുള്ള മെട്രോ

ഇടനാഴിയിൽ കാൽനടയാത്ര സൗകര്യം, പാർക്കിംഗ്, സൗന്ദര്യവൽക്കരണം എന്നിവ ഏർപ്പെടുത്തുന്നതിനായി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(3) പ്രസംഗങ്ങളുടെ നിയന്ത്രണം

ശ്രീ. കെ. എം. ഷാജി: വർഗ്ഗീയ തീവ്രവാദികളുടെയും ഫാസിസ്റ്റുകളുടെയും മതസ്പർദ്ധ വളർത്തുന്ന പ്രസംഗങ്ങൾ നിയന്ത്രിക്കുന്നതിനും അവരുടെ സാമ്പത്തിക ഉറവിടം കണ്ടെത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മത സ്പർദ്ധ വളർത്തുന്ന രീതിയിൽ സാമുദായിക ധ്രുവീകരണം ലക്ഷ്യം വച്ചുള്ള പരസ്യ പ്രസംഗങ്ങൾ നടത്തുന്നതോ അവ ലഘു ലേഖകളിലൂടെയോ മാധ്യമങ്ങളിലൂടെയോ പരസ്യപ്പെടുത്തുന്നതോ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ പോലീസ് ഇടപെടുകയും തുടർന്നുണ്ടാകാനിടയുള്ള പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് പരമാവധി ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം ഇത്തരത്തിലുള്ള നാല് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച്, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച്, ജനമൈത്രി പോലീസ്

എന്നിവയുടെ സഹായത്തോടെ ക്രിയാത്മകമായ നിരീക്ഷണങ്ങളും നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. മതസൗഹാർദ്ദം വളർത്തുന്നതിനും ജാതി-മത-വർഗ്ഗ-ലിംഗ ഭേദമെന്യേ ചിന്തിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും സമൂഹത്തിൽ ബോധവൽക്കരണം നടത്തിവരുന്നുണ്ട്. മറ്റ് മതങ്ങൾ വെറുക്കപ്പെടേണ്ടതാണെന്ന് പഠിപ്പിക്കുന്ന ആളുകളെ സമൂഹത്തിൽനിന്നും മാറ്റി നിർത്താൻ കേരളീയ സമൂഹം ജാഗ്രതയോടെ പ്രവർത്തിക്കണം.

## (4) റവന്യൂ അദാലത്ത്

ശ്രീ. പി. ഉണ്ണി: റീ-സർവ്വേ നടപടികളിലുണ്ടായ പിഴവുകൾ കാരണം ഭൂരഹിതരായവരുടെ പരാതികൾ പരിഹരിക്കുന്നതിനായി ഒറ്റപ്പാലം താലൂക്ക് കേന്ദ്രീകരിച്ച് റവന്യൂ അദാലത്ത് നടത്താൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഒറ്റപ്പാലം താലൂക്കിലെ വിവിധ വില്ലേജുകളിലെ റീ-സർവ്വേയിൽവന്ന അപാകതകൾമൂലം ഭൂനികുതി സ്വീകരിക്കുന്നതിനും ഭൂമി സംബന്ധമായ മറ്റ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും തടസ്സം നേരിട്ടിട്ടുണ്ട്. റീസർവ്വേ നടപടികൾ പൂർത്തിയാകാത്ത എല്ലാ വില്ലേജുകളിലും നിലവിലുള്ള സർവ്വേ നമ്പറിൽ കരം ഒടുക്കാനുള്ള നടപടി സ്വീകരിക്കാനും ഭൂമിയുടെ അവകാശം സംബന്ധിച്ച്

സംശയമുള്ള കേസ്സുകളിൽ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ഭൂമി പരിശോധന നടത്തി ഭൂനികുതി സ്വീകരിക്കാനും എല്ലാ വില്ലേജ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒറ്റപ്പാലം താലൂക്കിലെ തഹസീൽദാരെയും ബന്ധപ്പെട്ട വില്ലേജുകളിലെ വില്ലേജ് ഓഫീസർമാരെയും വിളിച്ചുചേർത്ത് റവന്യൂ അദാലത്ത് നടത്തി ഭൂനികുതി സ്വീകരിക്കാനും ഭൂമി സംബന്ധമായ മറ്റ് സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകാനും നിർദ്ദേശം നൽകാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നതാണ്.

(5) ഭൂമി സംബന്ധമായ വിഷയങ്ങൾ

ശ്രീമതി ഇ. എസ്. ബിജിമോൾ : ഇടുക്കി ജില്ലയിലെ അർഹരായ മുഴുവൻ കൃഷിക്കാർക്കും ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിൽ താമസിക്കുന്നവർക്കും പത്ത് ചെയിനിൽ താമസിക്കുന്നവർക്കും പട്ടയം നൽകാനും മാങ്കുളം പ്രദേശത്ത് ഭൂമി പതിച്ചുനൽകിയ കൃഷിക്കാർക്ക് അത് അളന്നുതിരിച്ചു നൽകുന്നതിനും പെരുഞ്ചാൻകുട്ടിയിൽനിന്ന് കുടിയിറക്കപ്പെട്ട ആദിവാസികൾക്ക് പകരം ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കൂടാതെ ജില്ലയിലെ യൂക്കാലി മരങ്ങൾ വെട്ടിമാറ്റുന്നതിനും വിവിധ വില്ലേജുകളിൽ തെറ്റായ സർവ്വേ നമ്പറുകളിൽ നൽകിയിട്ടുള്ള

പട്ടയങ്ങൾ തിരുത്തി നൽകുന്നതിനും ഏലം കർഷകർക്ക് കാർഡമം രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിനും നടപടി സ്വീകരിക്കണം. കർഷകരുടെ കൈവശമുള്ള ഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അനുമതി നൽകണം. പീരുമേട്ടിൽ ഭൂമി പതിവ് ഓഫീസറെ നിയമിക്കാനും ആവശ്യത്തിന് സർവ്വേയർമാരെ നിയമിച്ച് പട്ടയ നടപടികൾ വേഗത്തിലാക്കാനും ഇടപെടലുണ്ടാകണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഇടുക്കി ജില്ലയിലെ അർഹതയുള്ള മുഴുവൻപേർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2017 മാർച്ച് മാസത്തോടെ പരമാവധി പട്ടയങ്ങൾ നൽകുന്നതിന് ജില്ലാതലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപടി സ്വീകരിച്ച് വരികയാണ്. ലോവർ ചെയിനുകൾ ഒഴിവാക്കി പത്ത് ചെയിൻ പ്രദേശങ്ങളിലുള്ളവർക്ക് പട്ടയം നൽകാവുന്നതാണെന്ന് കെ.എസ്.ഇ.ബി. അംഗീകരിച്ചിട്ടുണ്ട്. അയ്യപ്പൻകോവിൽ മേഖലയിൽപ്പെട്ട പ്രദേശം വനഭൂമിയുടെ പരിധിയിൽ വരുന്നതാകയാൽ സംയുക്ത പരിശോധന നടത്തി മാത്രമേ പ്രസ്തുത പ്രദേശങ്ങളിലുള്ളവർക്ക് പട്ടയം നൽകാവൂ എന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ട്. മാങ്കുളത്തെ ഭൂമി പതിച്ചുനൽകിയവർക്ക് സ്ഥലം അളന്നു

തിരിച്ചുനൽകുന്നതിനുള്ള സർവ്വേ ജോലികൾ പുരോഗമിച്ചു വരികയാണ്. പെരിഞ്ചാൻകുട്ടി തേക്ക് പ്ലാന്റേഷനിൽനിന്നും കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഭൂമി നൽകുന്നതിനായി കുഞ്ചിത്തണ്ണി വില്ലേജിൽ കെ.എസ്.ഇ.ബി. അധീനതയിലുള്ള 25 ഏക്കർ സ്ഥലം അളന്നു തിരിക്കുന്നതിന് സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഈ സ്ഥലം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് ലീസിന് നൽകുകയും സ്ഥലത്തിന്റെ അവകാശം സംബന്ധിച്ച് കേസ് നിലനിൽക്കുകയുമാണ്. പ്രസ്തുത സാഹചര്യത്തിൽ ജില്ലയിൽ അവശേഷിക്കുന്ന സർക്കാർ പുറമ്പോക്കുകൾ സംബന്ധിച്ച് വിവരം നൽകുന്നതിന് എല്ലാ തഹസിൽദാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലയിലെ യൂക്കാലി പ്ലാന്റേഷൻ നിരോധിക്കുന്നതിന് വിശദമായ പരിശോധന ആവശ്യമാണ്. പീരുമേട് താലൂക്കിൽ മുടങ്ങിക്കിടക്കുന്ന പട്ടയ നടപടികൾ പുനരാരംഭിക്കുന്നതിനും മുമ്പ് നൽകിയിട്ടുള്ള പട്ടയങ്ങളിലെ അപാകതകൾ പരിഹരിക്കുന്നതിനുമായി പീരുമേട് താലൂക്കിനോട് ചേർന്ന് പ്രത്യേക ഭൂമി പതിവ് ഓഫീസ് ആരംഭിച്ച് ദേവികുളം ഭൂമി പതിവ് ഓഫീസിലെ സ്പെഷ്യൽ തഹസിൽദാർക്ക് പൂർണ്ണ ചുമതല നൽകി പീരുമേട് സ്പെഷ്യൽ തഹസിൽദാർ ഓഫീസിലേയ്ക്ക്

നിയമിച്ചിട്ടുണ്ട്. മറ്റ് ജീവനക്കാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(6) പുറമ്പോക്ക് ഭൂമി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: വർഷങ്ങളായി ഭൂമി കൈവശം വച്ചവർക്ക് മാർക്കറ്റ് വിലനൽകി പ്രസ്തുത ഭൂമി തിരിച്ചെടുക്കാനുള്ള അനുമതി നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം പുറമ്പോക്കായി നിർവ്വചിച്ചിട്ടുള്ള ഭൂമി 1960-ലെ കേരള ഭൂമി പതിവ് നിയമം, 1964-ലെയും 1995-ലെയും കേരള ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം പതിച്ചുനൽകാൻ വ്യവസ്ഥയില്ല. 1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം സർക്കാർ ഭൂമി പുറമ്പോക്കായാലും അല്ലെങ്കിലും അനുവാദമില്ലാതെ കൈവശം വയ്ക്കുന്നത് നിയമവിധേയമല്ല. സർക്കാർ ഭൂമി കയ്യേറുന്നവർക്കെതിരെ 2009-ലെ 29-ാം നിയമഭേദഗതി പ്രകാരം ശിക്ഷാനടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ പതിവിന് വിധേയമായിട്ടുള്ള ഭൂമി കേരള ഭൂമി പതിവ് നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ അർഹരായവർക്ക് പതിച്ചുനൽകുന്നതിന്

കഴിയുന്നതാണ്. അക്കാര്യത്തെ സംബന്ധിച്ച് ആലോചിക്കാം.

(7) അഗ്രോപാർക്ക് അനുവദിക്കൽ

ശ്രീ. കെ. കുഞ്ഞിരാമൻ: കാസർഗോഡ് ജില്ലയിലെ അടയ്ക്ക കർഷകരെ സഹായിക്കാൻ അഗ്രോ പാർക്ക് അനുവദിക്കാനും അടയ്ക്ക കൃഷിയെ ബാധിക്കുന്ന രോഗങ്ങൾ തടയുന്നതിന് ഫലപ്രദമായ പ്രതിവിധി കണ്ടെത്താനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): കേരള-കർണ്ണാടക സർക്കാരുകൾ സംയുക്തമായി രൂപീകരിച്ച 'കാംകോ' വഴിയാണ് അടയ്ക്ക സംഭരിച്ച് വിപണനം നടത്തുന്നത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അടയ്ക്ക കൃഷിയുള്ള ജില്ല കാസർഗോഡാണ്. അടയ്ക്ക ഒരു ഉത്തേജക വസ്തുവായും ഉപയോഗിക്കുന്നുണ്ട്. ആരോഗ്യത്തിന് ഹാനികരമായതിനാൽ പാൻ ഉല്പന്നങ്ങൾ കേരളത്തിൽ നിരോധിച്ചിട്ടുണ്ട്. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിതരണവും ലക്ഷ്യമിട്ടുകൊണ്ട് 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ മൂല്യവർദ്ധിത കാർഷിക ഉല്പന്നങ്ങൾക്കുവേണ്ടി അഗ്രോപാർക്കുകളുടെ ശൃംഖല സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും മൂലധനച്ചെലവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും വിപണന സാധ്യതയും

കണക്കിലെടുത്ത് അടയ്ക്കക്ക് മാത്രമായി ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്നത് വിജയകരമായിരിക്കുകയില്ല. ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(8) കെ.എസ്.ടി.പി. റോഡ് വികസനം

ശ്രീ. അനൂപ് ജേക്കബ് : ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് വികസനവുമായി ബന്ധപ്പെട്ട് മേരിഗിരി പബ്ലിക് സ്കൂൾ മുതൽ ചന്തത്തോട് വരെയുള്ള പ്രദേശത്തെ കലുങ്കുകൾ ഒഴിവാക്കുന്നതിനും ഓട നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കെ.എസ്.ടി.പി. പദ്ധതിയിലാണ് ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് വികസനം നടക്കുന്നത്. മേരിഗിരി പബ്ലിക് സ്കൂൾ മുതൽ ചന്തത്തോടുവരെ കലുങ്കുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോൺക്രീറ്റ് ഓട നിർമ്മാണമാണ് അവിടെ നടക്കുന്നത്. താഴ്ചയുള്ള പട്ടണമായതിനാൽ മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കാൻ സാധ്യതയുണ്ട്. റോഡ് ഉയർത്തുന്നതിന് നടപടി ആരംഭിച്ചിട്ടില്ല. കച്ചവട സ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധം റോഡിന് വീതികൂട്ടാനും നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(9) പാലങ്ങളുടെ നിർമ്മാണം

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ വിവിധ പാലങ്ങളുടെ പണികൾ എത്രയുംവേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): നാല് പാലങ്ങളുടെ നിർമ്മാണത്തിനായി 47 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കയ്യാലക്കടവ് പാലം ഡിസൈൻ റിവൈസ് ചെയ്ത് നൽകുന്നതിനായി ചീഫ് എൻജിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. വഴിപാടിക്കടവ് പാലത്തിന്റെ ഡിസൈൻ പൂർത്തീകരിച്ച് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നുണ്ട്. നെൽപ്പടക്കടവ് പാലത്തിന്റെ മണ്ണ് പരിശോധന നടക്കുന്നുണ്ട്. ഡിസൈൻ തയ്യാറാക്കി സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ശബരിമലയിലേയ്ക്കുള്ള പന്തളം പാലത്തിന്റെ പണി നവംബർ 14-ന് മുമ്പ് പൂർത്തിയാക്കുന്നതാണ്.

(10) ക്ഷേമനിധിയും പെൻഷനും

ശ്രീ. റ്റി. വി. രാജേഷ്: കേരളത്തിലെ പ്രാദേശിക മാധ്യമ പ്രവർത്തകർക്ക്

സേവന-വേതന വ്യവസ്ഥകളുണ്ടാക്കുന്നതിനും ക്ഷേമനിധിയും പെൻഷൻ ആനുകൂല്യങ്ങളും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): നിലവിലുള്ള ചട്ടപ്രകാരം പ്രാദേശിക പത്രപ്രവർത്തകരെ 1993-ലെ കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. 02.02.2016-ലെ ഉത്തരവുപ്രകാരം കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതിയിൽ അംഗമാകാനുള്ള അവകാശം പ്രാദേശിക പത്രപ്രവർത്തകർക്കുണ്ട്. ഈ ക്ഷേമ പദ്ധതി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, അപകടാനുകൂല്യം എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും.

## IV മേശപ്പുറത്തുവച്ച കടലാസുകൾ:

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തു വച്ചു.

## V റിപ്പോർട്ട് സമർപ്പണം:

(1) 2016-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട്

കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

## VII ക്രമപ്രശ്നം

ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ അംഗങ്ങൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: ഭരണഘടന അനുച്ഛേദം 348 (3) അനുസരിച്ച് ഗവർണ്ണറുടെ ആതറൈസേഷനോടുകൂടി പ്രസിദ്ധീകരിച്ച ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ അംഗങ്ങൾക്ക് നൽകണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. 2014-15-ലെ ബഡ്ജറ്റിൽ ഫിനാൻസ് ബില്ലിന്റെ ഭാഗമായി നെൽവയൽ നികത്തുന്നതിന്

കൊണ്ടുവന്ന വ്യവസ്ഥകൾ റദ്ദാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. കേരള നെൽവയൽ-തണ്ണീർത്തട (ഭേദഗതി) ബില്ലിലെ 3(a) വകുപ്പ് നെൽവയൽ നികത്തുന്നതിനുവേണ്ടിയുള്ള വ്യവസ്ഥകൾ ഇല്ലാത്തതിനാലും 3-ാം വകുപ്പ് ഒഴിവാക്കൽ സംബന്ധിച്ച വ്യവസ്ഥ ബില്ലുമായി യാതൊരു ബന്ധവുമില്ലാത്തതിനാലും ബില്ലിന്റെ ഉദ്ദേശകാരണങ്ങളിൽ പറഞ്ഞിരിക്കുന്ന വിവരണവും ശരിയല്ല. നെൽവയൽ നികത്തുന്നത് സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിലോ ധനകാര്യ ബില്ലിലോ ഉൾപ്പെടുത്തിയിട്ടില്ലെന്നു മാത്രമല്ല, പ്രസ്തുത വ്യവസ്ഥ പിൻവലിക്കുന്നതിനുള്ള ഉദ്ദേശ്യകാരണവും ബില്ലിൽ വ്യക്തമാക്കിയിട്ടില്ല.

(2) ബില്ലിലെ 3 എ വകുപ്പ് ഒഴിവാക്കിക്കൊണ്ട് ആക്ട് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: കഴിഞ്ഞ ഗവൺമെന്റ് ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ ന്യായവിലയുടെ 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ട് നികത്തിയ നെൽവയലുകൾ 3(a) വകുപ്പ് ഫിനാൻസ് ബില്ലിന്റെ ഭാഗമാക്കി റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

ആരംഭിക്കുകയും പിഴ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ബില്ലിലെ 3-ാം വകുപ്പിലെ ഒഴിവാക്കലിൽ അങ്ങനെ ഏതെങ്കിലും അവകാശങ്ങളോ ബാദ്ധ്യതകളോ ഉണ്ടെങ്കിൽ അത് നിലനിൽക്കുമെന്നു പറയുമ്പോൾ, ക്ലോസ് 3(a) പ്രകാരം ലഭിച്ചിരിക്കുന്ന അപേക്ഷയിന്മേൽ ന്യായവിലയുടെ 25 ശതമാനം തുക അടപ്പിച്ച് റെഗുലറൈസേഷൻ നടപടിക്രമങ്ങൾ തുടരുമെന്നുമുള്ള നിലപാട് സ്വീകരിക്കുന്നതിലൂടെ ഇനിയുള്ള ആളുകൾക്ക് അതിനുള്ള അവസരം നിഷേധിക്കുന്നതും ശിക്ഷാനടപടികൾ സ്വീകരിക്കാതിരിക്കുന്നതും ആർട്ടിക്കിൾ 14-ന്റെ വയലേഷനാണ്. ക്ലോസ് 3(a)- യുടെ ഉദ്ദേശ്യകാരണങ്ങളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമായി ക്ലോസ് 3- ഒഴിവാക്കലിൽ കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ഈ ഭേദഗതി ഭരണഘടനാ വിരുദ്ധവും നിയമവിരുദ്ധവുമാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : പ്രസ്തുത ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2014-15 ബഡ്ജറ്റിനനുസൃതമായി 2015-ലെ ധനകാര്യ ആക്ടിൽ കൊണ്ടുവന്ന ഭേദഗതി 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്ടിലെ

3 (a) വകുപ്പ് പ്രസ്തുത ആക്ട് നിലവിൽ വരുന്നതിനുമുമ്പ് നെൽവയലുകൾ രൂപാന്തരപ്പെടുത്തുകയോ പരിവർത്തനപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയത് ക്രമവത്കരിച്ചു നൽകുന്നത് വ്യവസ്ഥ ചെയ്തുകൊണ്ടുള്ളതാണ്. എന്നാൽ പ്രസ്തുത വകുപ്പ് റദ്ദാക്കുമെന്ന ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 2008-ലെ കേരള-നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെ 3(a) വകുപ്പ് വിട്ടുകളയുന്നതിനാണ് 2016-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ കൊണ്ടുവന്നിട്ടുള്ളത്. നെൽവയലിന്റെ രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ അന്തിമമാക്കി ക്രമവത്കരിച്ചു നൽകിയിട്ടുള്ള സംഗതികൾ അപ്രകാരമുള്ള ക്രമവത്കരണം സാധുവാക്കുന്നതിന് ഉതകുന്ന തരത്തിലുള്ള വ്യവസ്ഥ ബില്ലിന്റെ 3-ാം ഖണ്ഡത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത ഭേദഗതി നിയമവിരുദ്ധമോ ഭരണഘടനാ വിരുദ്ധമോ അല്ല. ലഭ്യമായ 93058 അപേക്ഷകളിൽ അർഹമായ 56 എണ്ണത്തിന് ക്രമവത്കരണം അനുവദിച്ച് നൽകിയിട്ടുണ്ട്. ഒരു വ്യവസ്ഥ നിലനിൽക്കുമ്പോൾ ആർജ്ജിക്കുന്ന അവകാശം നിലനിർത്തുകയും പ്രസ്തുത വ്യവസ്ഥ നീക്കം ചെയ്യുമ്പോൾ അതിനനുസൃതമായി ലഭിക്കുമായിരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കുന്നതും ആർട്ടിക്കിൾ 14-ന് വിരുദ്ധമല്ലാത്തതിനാൽ

അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

മി. സ്പീക്കർ: 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിന്റെ അവതരണത്തിനെതിരെ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച തടസ്സവാദങ്ങൾ ശരിയല്ല. പ്രസ്തുത ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ 01-11-2016-ന് തന്നെ അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ഭരണഘടനയുടെ ആർട്ടിക്കിൾ 14-ന്റെ ലംഘനവുമായി ബന്ധപ്പെട്ട പ്രശ്നം സബ്ജക്ട് കമ്മിറ്റിയിൽ പരിഗണിക്കാവുന്നതാണെന്ന സാഹചര്യത്തിലും അംഗങ്ങൾ ഉന്നയിച്ച തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

**നിയമനിർമ്മാണം (തുടർച്ച)**

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികകാര്യവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കേരളത്തിലെ ഭൂമിയും നെൽപ്പാടങ്ങളും സംരക്ഷിക്കുന്നതിലൂടെ ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിനും പരിസ്ഥിതിയും തണ്ണീർത്തടങ്ങളും നെൽപ്പാടങ്ങളും സംരക്ഷിക്കുന്നതിനും സംസ്ഥാനത്തിന്റെ സുസ്ഥിരവും യഥാർത്ഥവുമായ വികസനത്തിന്റെ അടിസ്ഥാന ഘടകങ്ങൾ ശക്തിപ്പെടുത്തുന്നതിനും വേണ്ടിയാണ് പ്രസ്തുത ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഉൽപ്പാദനോപാധിയായ നെൽവയലുകളെ വിൽപ്പനച്ചരക്കാക്കി മാറ്റിയതിന്റെ ഫലമായി നെൽവയലുകൾ നികത്തപ്പെടുകയും തന്മൂലം പാരിസ്ഥിതിക പ്രശ്നങ്ങളും കുടിവെള്ള ക്ഷാമവും ഭക്ഷ്യ ദൗർലഭ്യവും നേരിടേണ്ടിവരികയും ചെയ്തു. കൃഷിഭൂമിയുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളിലെ അപാകത പരിഹരിച്ചുകൊണ്ടാണ് പ്രസ്തുത ബിൽ കൊണ്ടുവന്നിട്ടുള്ളത്. കൃഷി ഭൂമിയുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന നിയമങ്ങളിലെ അപാകത പരിഹരിച്ചുകൊണ്ടും പരിസ്ഥിതിയുടെയും കൃഷിയുടെയും സംരക്ഷണം

ഉറപ്പാക്കിക്കൊണ്ടുമാണ് 2008-ലെ നിയമം പാസ്സാക്കിയത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ധനകാര്യ ബില്ലിന്റെ ഭാഗമായി വന്ന 3(എ) വകുപ്പ് 2008-ലെ നിയമത്തിന്റെ ലക്ഷ്യപ്രാപ്തിയെ അപകടപ്പെടുത്തുന്നതാണ്. 2008-നുമുമ്പ് നികത്തപ്പെട്ട ഭൂമി അതിന്റെ ന്യായവിലയുടെ 25 ശതമാനം ഈടാക്കി ക്രമവൽക്കരിച്ചുകൊടുക്കാനുള്ള വ്യവസ്ഥയാണ് ഇതിലുള്ളത്. അതിൻപ്രകാരം ക്രമവൽക്കരിച്ച് നൽകാനായി 93,058 അപേക്ഷകൾ ലഭിച്ചതിൽ 56 എണ്ണം ക്രമവൽക്കരിച്ചു നൽകി. 2008-ന് മുമ്പ് നികത്തിയ പാടങ്ങൾ എന്നുപറയുന്നുണ്ടെങ്കിലും 2008-നുശേഷം നികത്തിയവയും ഇതിൽപ്പെടില്ലെന്ന് ഒരു ഉറപ്പുമില്ല. ഈ സഭയുടെയും സർക്കാരിന്റെയും സമൂഹത്തിന്റെയും പൊതുവികാരമായ നെൽവയൽ തണ്ണീർത്തട നിയമവും പരിപാലനവും എന്ന ബാധ്യത നിലനിർത്താനാണ് പ്രസ്തുത ബിൽ അവതരിപ്പിക്കുന്നത്.

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2016-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബില്ലിലെ 3(എ) ഭേദഗതിയുടെ ഉടമസ്ഥാവകാശം ഇടതുപക്ഷ ജനാധിപത്യമുന്നണിക്കാണ്. കേരളത്തിൽ കൃഷിയിടങ്ങൾ കുറഞ്ഞുവരുന്നത് തടയുന്നതിന് ഫലപ്രദമായ

നടപടി സ്വീകരിക്കണം. തോടുകൾ, കുളങ്ങൾ, ചാലുകൾ എന്നിവ സംരക്ഷിക്കുകയും ലിഫ്റ്റ് ഇറിഗേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും മെച്ചപ്പെട്ട ഇറിഗേഷൻ ഫെസിലിറ്റിക്കുള്ള നടപടി സ്വീകരിക്കുകയും വേണം. നെൽവയൽ സംരക്ഷണത്തിലൂടെ മാത്രമേ കൃഷി വികസിപ്പിക്കാനും കർഷകരെ സംരക്ഷിക്കാനും സാധിക്കുകയുള്ളൂ. ഇന്ന് കൃഷി നിലയ്ക്കുകയും ഇടവിളകൾ വർദ്ധിച്ചുവരികയും ചെയ്യുകയാണ്. മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടിന്റെ സബ് കനാൽ പോലും വെട്ടിത്തീർക്കാൻ സാധിച്ചിട്ടില്ല. നെൽകൃഷിക്കാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കിക്കൊടുക്കാതിരുന്നാൽ കൃഷി മുന്നോട്ട് പോകില്ല. ആറന്മുളയിൽ എയർപോർട്ടിന്റെയും എഞ്ചിനീയറിംഗ് കോളേജിന്റെയും സ്ഥലം നികത്തുന്നതിനുള്ള അനുമതി കൊടുത്തത് ആരാണെന്ന് അന്വേഷിക്കണം. നെൽകൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി വിത്തും വളവും വാങ്ങി നൽകുന്നതിനുള്ള തുക ഈ ബില്ലിൽ ഉൾപ്പെടുത്തണം. അന്തർ സംസ്ഥാന നദീജല കരാറുകളിൽ മാറ്റം വരുത്തണം. കേരളത്തിന് അർഹതപ്പെട്ട ജലം നേടിയെടുക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കണം. നെൽകർഷകർക്ക് കൂടുതൽ ആനുകൂല്യം നൽകണം. 2008-ലെ 3(എ) വകുപ്പ് ക്യാൻസൽ ചെയ്യുമ്പോഴുണ്ടാകുന്ന

കുറവുകൾ നികത്തണം. അപ്രായോഗികമായ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം. നെൽവയലുകൾ സംരക്ഷിക്കാനും നിലവിലുള്ള ഡാറ്റാ ബാങ്കിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 2008-ൽ ഈ നിയമം കൊണ്ടുവന്നത്. എന്നാൽ ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയ നേതാക്കന്മാരുടെയും പിൻബലത്തോടെ ഇപ്പോഴും നെൽവയൽ നികത്തൽ തുടരുന്നുണ്ട്. കേരളത്തിന്റെ കാലാവസ്ഥാ നിയന്ത്രണത്തിനും ഭൂഗർഭ ജലവിതാനം സംരക്ഷിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും ജല ശുദ്ധീകരണം നടത്തുന്നതിനും ആവശ്യത്തിന് മഴ ലഭിക്കുന്നതിനും നെൽവയലുകൾ സഹായകരമാണ്. നിയമത്തിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ ബാങ്കുകൾ തയ്യാറാക്കിയെങ്കിലും അവ ഫലപ്രാപ്തിയിലെത്തിക്കാൻ സാധിച്ചില്ല. ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന

നടപടികൾ വേഗത്തിൽ പൂർത്തീകരിക്കണം. നിലവിലുള്ള സാഹചര്യത്തിൽ ഒരിഞ്ച് പാടംപോലും നികത്താൻ അനുമതി നൽകരുത്. ആവശ്യമുള്ളതിന്റെ ചെറിയ ശതമാനം നെല്ലുല്പാദനം മാത്രമാണ് സംസ്ഥാനത്ത് നടക്കുന്നതെന്ന കാര്യവും നെൽപാടങ്ങളുടെ വിസ്തൃതി വളരെയധികം കുറഞ്ഞ സാഹചര്യവും ഗൗരവപൂർവം പരിശോധിക്കപ്പെടണം. നെല്ലിന് ന്യായവില ലഭിക്കുന്നതുകൊണ്ട് തരിശ് ഭൂമികളിൽ കൃഷി ചെയ്യുന്നതിന് ഇന്ന് വ്യക്തികളും സന്നദ്ധസംഘടനകളും തയ്യാറാകുന്നുണ്ട്. കൃഷിക്കാവശ്യമായ കൊയ്ത്ത് യന്ത്രങ്ങളടക്കം കർഷകർക്ക് ലഭ്യമാക്കണം. റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയതും പതിറ്റാണ്ടുകളായി കരഭൂമിയായി കിടക്കുന്നതുമായ സ്ഥലങ്ങളുടെ കാര്യത്തിൽ പ്രായോഗികമായ സമീപനമുണ്ടാകണം. കിണറുകളും തോടുകളും കുളങ്ങളും പുഴകളും മലിനപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കി അവയെ സംരക്ഷിക്കുന്നതിന് നടപടികളുണ്ടാകണം. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന നിയമ ഭേദഗതിമൂലം വ്യാപകമായി നിലങ്ങൾ നികത്തപ്പെടുന്ന സാഹചര്യമുണ്ടായി. കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് യാതൊരു തത്വദീക്ഷയുമില്ലാതെ അനുമതി നൽകിയ നിലം നികത്തലുകൾക്ക് പിന്നിൽ വൻ അഴിമതി നടന്നിട്ടുണ്ട്. തരിശുഭൂമിയിൽ

കൃഷിയിറക്കാൻ മുന്നോട്ടുവരുന്ന കർഷകർക്ക് എല്ലാ സൗകര്യങ്ങളും നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. പതിറ്റാണ്ടുകളായി നികന്നു കിടക്കുന്നതും പുരയിടമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമായ ഭൂമി റവന്യൂ റിക്കാർഡുകളിൽ 'വയൽ' എന്ന് രേഖപ്പെടുത്തിയതുമൂലം ആളുകൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കണം. എൽ.ഡി.എഫ്. ഗവൺമെന്റ് രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി നാടിനും ജനങ്ങൾക്കും വരും തലമുറയ്ക്കും വേണ്ടിയാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നികന്നു കിടക്കുന്ന നെൽവയലുകൾ ക്രമവൽക്കരിക്കണമെന്ന അഭിപ്രായം ഉയർന്നുവന്നെങ്കിലും അതിന്റെ അപകടം മനസ്സിലായതുകൊണ്ടാണ് അത് പരിഗണിക്കാതിരുന്നത്. നികത്തപ്പെട്ട നെൽവയലുകൾ ഏതെങ്കിലും തരത്തിലുള്ള കൃഷിക്കുവേണ്ടി ഉപയോഗിക്കുന്നുവെന്നത് വസ്തുതയാണ്. ഇത് ക്രമവൽക്കരിച്ച് നൽകിയാൽ കൊമേഴ്സ്യൽ പർപ്പസിന് ഉപയോഗിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. 3(എ) നോട്ടിഫിക്കേഷൻ നിലനിൽക്കുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്താണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവരുന്നത്. വയൽ എന്ന്

രേഖപ്പെടുത്തിയ ഭൂമിയിൽ വീടുവയ്ക്കുന്നതിനായി ഗ്രാമപ്രദേശങ്ങളിൽ പത്തും നഗരപ്രദേശങ്ങളിൽ അഞ്ചും സെന്റുകൾവീതം നികത്തുന്നതിന് അനുമതി നൽകുന്ന വ്യവസ്ഥ നിലവിലെ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 3 (എ) നോട്ടിഫിക്കേഷൻ പിൻവലിക്കുന്നതോടെ പ്രാദേശികമായി നിലവിലുണ്ടായിരുന്ന നഞ്ച കമ്മിറ്റിയുടെ പ്രവർത്തനം പുനഃസ്ഥാപിച്ച് ഭൂമി നികത്തുന്നതിനുള്ള അനുവാദം നൽകുന്നതിനുള്ള അധികാരം കളക്ടർമാരിൽ നിക്ഷിപ്തമാകും. നെൽവയലുകൾ നികത്തി റിസോർട്ടുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കും. ഫൈനൽ ഡാറ്റാ ബാങ്ക് നിലവിൽ വന്ന ശേഷമേ ഭൂമി ക്രമവത്ക്കരിക്കാൻ പാടുള്ളൂവെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭൂമിയുടെ ക്രമവത്കരണം നിർത്തിവച്ചിരിക്കുകയാണ്. വീട് വയ്ക്കുന്നതിന് ഗ്രാമപ്രദേശങ്ങളിൽ പത്ത് സെന്റും നഗരപ്രദേശങ്ങളിൽ അഞ്ച് സെന്റും ഭൂമിവീതം നികത്തുന്നതിന് അനുമതി നൽകാൻ ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്. 2016-17 വർഷത്തിൽ തരിശ്ശായിക്കിടക്കുന്ന 2375.94 ഹെക്ടർ ഭൂമിയിൽ നെൽകൃഷി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. മെത്രാൻ

കായലിലും ആറന്മുള പാടശേഖരത്തും പുഞ്ചകൃഷി ചെയ്യുന്നതിനുള്ള നടപടി കൃഷി വകുപ്പ് ആരംഭിച്ചിട്ടുണ്ട്. 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

<u>മി. സ്പീക്കർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബില്ലിന്റെ പരിഗണനയുമായി ബന്ധപ്പെട്ട് റൂൾ 303 പ്രകാരം രണ്ട് അംഗങ്ങൾ

ക്രമപ്രശ്നമുന്നയിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ബില്ലിന്റെ ഉള്ളടക്കം സഭ അംഗീകരിച്ചാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതെന്നതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ബില്ലിന്റെ വകുപ്പുകളിലുള്ളതായി പറയപ്പെടുന്ന അപാകതകളും അപര്യാപ്തതകളും പോരായ്മകളും പരിഹരിക്കുന്നതിന് ഭേദഗതികൾ കൊണ്ടുവരേണ്ട അവസരങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനുപകരം ബില്ലിന്റെ വ്യവസ്ഥകളിൽ അപാകത ഉന്നയിക്കുന്നത് ആശാസ്യമല്ലെങ്കിലും നോട്ടീസ് നൽകിയ അംഗങ്ങൾക്ക് ക്രമപ്രശ്നം ഉന്നയിക്കാവുന്നതാണ്.

## VIII ക്രമപ്രശ്നം

(1) <u>ഓർഡിനൻസ് അസാധുവാണെന്നത് സംബന്ധിച്ച്</u>

<u>ശ്രീ. കെ. എം. മാണി</u>: ഭരണഘടന അനുച്ഛേദം 213(2)(a) പ്രകാരം സഭ സമ്മേളിച്ച് ആറാഴ്ച (42 ദിവസം) ആണ് ഓർഡിനൻസിന്റെ കാലാവധി. അതുപ്രകാരം 19-08-2016-ന് പുറപ്പെടുവിച്ച ഈ ഓർഡിനൻസ് ഒക്ടോബർ 24-ന് അസാധുവായിട്ടുണ്ട്. ഭരണഘടനയുടെ അനുച്ഛേദം 213(3) പ്രകാരം ഈ ഓർഡിനൻസ് അസാധുവാണ്.

## (2) ഓർഡിനൻസിലെ വൈരുദ്ധ്യം

ശ്രീ. എം. ഉമ്മർ: 2003-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടി (പരമാവധി) ആക്ടിലേയും 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബില്ലിലേയും രണ്ട് വകുപ്പുകൾ തമ്മിൽ വൈരുദ്ധ്യം നിലനിൽക്കുകയാണ്. കേരള ഗവൺമെന്റ് ഗ്യാരണ്ടി (പരമാവധി) ആക്ടിലെ ക്ലോസ് 4 പ്രകാരം ഏതെങ്കിലും സ്വകാര്യ വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ കമ്പനിയുടെയോ വായ്പയിന്മേൽ ഗവൺമെന്റ് ഗ്യാരണ്ടി കൊടുക്കാൻ പാടില്ലെന്നും കിഫ്ബി ബില്ലിലെ 8-ാം വകുപ്പിൽ സ്വകാര്യ വ്യക്തികളിൽ നിന്നും കമ്പനികളിൽ നിന്നും വായ്പ സ്വീകരിക്കാമെന്നും 10(1)-ൽ സർക്കാർ/ബോർഡ് സമാഹരിക്കാനുദ്ദേശിക്കുന്ന തുകയുടെ പലിശയും മുതലും നൽകുന്നതിന് ഗ്യാരണ്ടി നൽകേണ്ടതാണെന്നും പറയുന്നുണ്ട്. ഈ ബിൽ 2003-ലെ കേരളാ ഗവൺമെന്റ് ഗ്യാരണ്ടി (പരമാവധി) ആക്ടിന്റെ പരിധിയിൽ നിൽക്കുമെന്ന് ഇതിന്റെ ക്ലോസിൽ പറഞ്ഞിട്ടുള്ളതിനാൽ ഇത് പരസ്പര വിരുദ്ധമാണ്. ഈ ബില്ലിന്റെ ലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ 2003-ലെ കേരളാ ഗവൺമെന്റ് ഗ്യാരണ്ടി (പരമാവധി) ആക്ട് ഭേദഗതി ചെയ്യണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): 2016 നവംബർ 6-ന് മാത്രമേ സഭാസമ്മേളനം 42 ദിവസം പൂർത്തിയാകുകയുള്ളൂ. അതിനാൽ ഓർഡിനൻസ് അസാധുവാണെന്ന തടസ്സവാദം നിലനിൽക്കുന്നതല്ല.

അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ധനസമാഹരണത്തിനായി സർക്കാർ രൂപീകരിക്കുന്ന കിഫ്ബിയുടെ ഉടമസ്ഥത സർക്കാരിൽ നിക്ഷിപ്തമാണ്. സർക്കാരിന്റെയോ സർക്കാർ ഭൂരിപക്ഷ ഓഹരിയുള്ളതോ ആയ സ്ഥാപനത്തിനുവേണ്ടിയാണ് ഗ്യാരണ്ടി നിൽക്കുന്നതെന്നതിനാൽ 2003-ലെ കേരളാ ഗവൺമെന്റ് ഗ്യാരണ്ടി (പരമാവധി) ആക്ടിന്റെ നാലാം വകുപ്പ് കിഫ്ബി ബില്ലിന് തടസ്സമല്ല. കിഫ്ബി ബിൽ സ്പെഷ്യൽ ആക്ടാണ്. 2003-ലെ കേരളാ സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരണ്ടീസ് ആക്ട് സർക്കാർ ഗ്യാരണ്ടിക്കുള്ള പൊതുനിയമമാണ്. കൂടാതെ, Special act repeals the general law എന്ന് സുപ്രീം കോടതിയും വിവിധ കേസുകളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ ബില്ലിന്റെ അടിസ്ഥാന ഘടനയിൽ മാറ്റംവരുത്തുന്ന തരത്തിലുള്ള ഭേദഗതികളൊന്നും വന്നിട്ടില്ല.

**റൂളിംഗ്**

<u>മി.സ്പീക്കർ</u>: സഭ സമ്മേളിച്ച 26-09-2016 മുതൽ കണക്കാക്കുമ്പോൾ നവംബർ 7-ാം തീയതിയാണ് 42 ദിവസം പൂർത്തീകരിക്കുന്നത്. ഈ സാഹചര്യത്തിൽ പ്രസ്തുത ഓർഡിനൻസ് ഇപ്പോഴും നിലനിൽക്കുകയാണ്. ഓർഡിനൻസ് ലാപ്സായെന്ന വാദം ശരിയല്ല. അതിനാൽ ശ്രീ. കെ. എം. മാണി ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. സഭ പരിഗണിക്കുന്ന ബില്ലിലെ വകുപ്പുകളിലോരോന്നിലും ഉന്നയിക്കപ്പെട്ട ആശങ്കയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള ഒഴിവാക്കലോ, കൂട്ടിച്ചേർക്കലോ, ഭേദഗതികളോ ആവശ്യമായി വരുന്നപക്ഷം പ്രസ്തുത വകുപ്പുകളുടെ പരിഗണനാവേളയിൽ യുക്തമായ ഔദ്യോഗിക ഭേദഗതികൾ മന്ത്രിക്ക് കൊണ്ടുവരാവുന്നതും യുക്തമായ ഭേദഗതി നിർദ്ദേശിക്കാൻ അംഗത്തിന് തദവസരത്തിൽ ചെയർ അവസരം നൽകുന്നതുമാണ്. ആയതിനാൽ ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്)</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന

പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബിൽ നിയമമാകുമ്പോൾ സൂപ്പർക്യാബിനറ്റ് രൂപപ്പെടുകയും ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകൾ ഇതിന് കീഴിൽ വരികയും ചെയ്യും. ബഡ്ജറ്റിനെക്കാൾ കൂടുതലോ അതിന്റെ ഇരട്ടിയോ വരുന്ന തുക കൈകാര്യം ചെയ്യുന്നത് കിഫ്ബി-യിലെ കമ്മിറ്റി അംഗങ്ങൾ മാത്രമാകുകയും അതുസംബന്ധിച്ച് സംസ്ഥാന നിയമസഭയ്ക്ക് അറിയാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്യും. വിവിധ വകുപ്പുകൾ ചെലവഴിക്കേണ്ട തുക കിഫ്ബിയിൽ എത്തുമ്പോൾ ആ തുക കൈകാര്യം ചെയ്യുന്ന സമിതിയിൽ വകുപ്പിന്റെ പ്രതിനിധികൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ വകുപ്പുകളറിയാതെ തന്നെ തുക ചെലവഴിക്കപ്പെടും. ഈ നിയമത്തിലൂടെ മറ്റുള്ള വകുപ്പുകളെ ഓവർ റൈഡ് ചെയ്തുപോകുന്ന സാഹചര്യമുണ്ടാകും. പൊതു സ്വകാര്യ പങ്കാളിത്തത്തിന് യോഗ്യരായവരെ നിശ്ചയിക്കുമ്പോഴും ഏതെങ്കിലും സംഘം സർക്കാരിന് ഗ്യാരന്റി കൊടുക്കുമ്പോഴും ഭൂമി വികസിപ്പിക്കുന്നതിനുള്ള അധികാരം കൊടുക്കുമ്പോഴും വ്യാജ ഇടപെടലുകൾ ഉണ്ടാകാൻ സാധ്യതയുണ്ട്.

അപകടകരമായ നിരവധി വകുപ്പുകൾ ഈ നിയമത്തിനകത്തുണ്ട്. ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള കോ-ഓർഡിനേഷൻ നഷ്ടപ്പെടും. നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച് തീരുമാനമെടുക്കാൻ ഡിപ്പാർട്ടുമെന്റുകൾക്ക് അധികാരമുണ്ടാകില്ല. സാമ്പത്തികാധികാരം ഒരു ഭാഗത്തുമാത്രം കേന്ദ്രീകരിക്കുന്ന രീതിയിലേക്ക് കിഫ്ബി-യുടെ പ്രവർത്തനം എത്തിച്ചേരുമെന്ന ആശങ്കയുണ്ട്. ഫെയ്ക്കായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഇതിൽ വന്നുചേരാൻ സാധ്യതയുണ്ട്. ഇതിലെ അപാകതകൾ പരിഹരിക്കുന്ന രൂപത്തിലുള്ള നടപടി ഉണ്ടാകണം.

ശ്രീ. വി. ഡി. സതീശൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ചെലവാക്കപ്പെടുന്ന തുകയുടെ പരിശോധന നിയമസഭയിൽ നടത്താൻ കഴിയുന്ന രീതിയിലുള്ള ഔദ്യോഗിക ഭേദഗതി ഈ നിയമത്തിൽ ഉൾപ്പെടുത്തണം. ബോർഡ് സമാഹരിക്കുന്ന തുകയുടെ പലിശയും മുതലും നൽകുന്നതിനെ സംബന്ധിച്ചും ഗ്യാരന്റിയെ സംബന്ധിച്ചും കൃത്യത വേണം. ഈ നിയമത്തിലൂടെ എല്ലാ വകുപ്പുകളുടെയും അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റായി ധനകാര്യ വകുപ്പ് മാറുന്ന സാഹചര്യമുണ്ടാകും.

ഡോ. എൻ. ജയരാജ് : വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിന്റെ

അടിസ്ഥാന വികസന സാധ്യതകൾ കണ്ടെത്താനുള്ള ആശയത്തെ സ്വാഗതം ചെയ്യുന്നതോടൊപ്പം അധികാരങ്ങൾ ധനകാര്യ വകുപ്പുമന്ത്രിയിൽ മാത്രം കേന്ദ്രീകൃതമാകുന്ന നിലയിലുള്ള ബില്ലിലെ വ്യവസ്ഥകൾ പരിശോധിക്കാൻ സർക്കാർ തയ്യാറാകണം. ബോർഡിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ബോർഡിന് മുമ്പാകെ പരിഗണനയ്ക്ക് വരുന്ന പദ്ധതികളിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർക്കുകൂടി ഇടപെടാനാകുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനും തയ്യാറാകണം. ധനസമാഹരണ മാർഗ്ഗങ്ങളിലൂടെ അടിസ്ഥാന സൗകര്യവികസനം സാധ്യമാക്കുമെന്ന് പറയുന്നുണ്ടെങ്കിലും ഫണ്ട് സമാഹരണവും വിനിയോഗവും സംബന്ധിച്ച് ചർച്ച ചെയ്യാനാകാത്തവിധം നിയമസഭയെപ്പോലും നോക്കുകുത്തിയാക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ അംഗങ്ങളുടെ പ്രവർത്തന കാലാവധി സംബന്ധിച്ച് ബില്ലിൽ വ്യക്തത വരുത്തണം. യൂസർ ചാർജ്ജ് ഈടാക്കുന്നതിന് കൺസഷണർക്ക് കൊടുത്തിരിക്കുന്ന അധികാരങ്ങൾ ഒഴിവാക്കണം. ഭൂമിയേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തി അതുമായി ബന്ധപ്പെട്ട പദ്ധതികൾ പൂർത്തീകരിക്കണം. ബില്ലിന്റെ വിശ്വാസ്യത ചോദ്യം

ചെയ്യപ്പെടാത്തവിധം ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചും അപാകതകൾ പരിഹരിച്ചും കുറ്റമറ്റ രീതിയിലുള്ള നിയമനിർമ്മാണമാക്കി നാടിന്റെ വികസനം സാധ്യമാക്കണം.

<u>ശ്രീ. പി. കെ. ശശി</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016– ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നാടിന്റെ വികസനക്കുതിപ്പിനുള്ള സുതാര്യമായ നിയമമാണ് ഈ ബില്ലിലൂടെ സർക്കാർ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്. കിഫ്ബിയിലൂടെ കേരള ജനതയുടെ പ്രതീക്ഷകളാണ് യാഥാർത്ഥ്യമാകാൻ പോകുന്നത്. അധികാര വികേന്ദ്രീകരണം, ജനകീയാസൂത്രണം, സമ്പൂർണ്ണ സാക്ഷരത തുടങ്ങിയ നേട്ടങ്ങൾ കൈവരിക്കാൻ ഇടതുപക്ഷ സർക്കാരിന് സാധിച്ചു. കരാറുകാർക്കും വിവിധ ക്ഷേമപെൻഷനുകളിലും കുടിശ്ശിക വരുത്തിയും നികുതിചോർച്ചയിലൂടെ കോടിക്കണക്കിന് രൂപ നഷ്ടപ്പെടുത്തിയും സാധാരണക്കാരനുമേൽ സാമ്പത്തിക ബാധ്യത അടിച്ചേൽപ്പിച്ചും വൻകിട കച്ചവടക്കാർക്ക് നികുതി ഇളവ് നൽകിയും ഖജനാവ് കാലിയാക്കുന്ന നടപടിയാണ് മുൻ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. ഈ പ്രതിസന്ധി

തരണം ചെയ്യാനായി കിഫ്ബിയിലൂടെ ഒരുലക്ഷം കോടി രൂപ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുമെന്നുള്ള സർക്കാർ പ്രഖ്യാപനം പ്രശംസനീയമാണ്. പ്രഖ്യാപിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് എൽ.ഡി.എഫ്. ഗവൺമെന്റ് കൈക്കൊള്ളുന്നത്. റിസർവ് ബാങ്ക് അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങളുപയോഗിക്കാൻ കഴിയുന്നതരത്തിൽ കിഫ്ബിയുടെ ഘടനയിൽ ഭേദഗതി വരുത്താൻ ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഗവൺമെന്റ് പ്രഖ്യാപനങ്ങളെ കണ്ണടച്ച് എതിർക്കുന്ന സമീപനത്തിൽനിന്ന് പ്രതിപക്ഷം പിന്മാറണം. ജനങ്ങളെ ബാധിക്കുന്ന ഗൗരവതരമായ വിഷയങ്ങൾ ചർച്ച ചെയ്യാൻ പ്രതിപക്ഷം താല്പര്യം കാണിക്കണം. അഴിമതിവിരുദ്ധ പ്രവർത്തനം നടത്തുന്ന ഉദ്യോഗസ്ഥർക്ക് സർക്കാർ പൂർണ്ണ പിന്തുണ നൽകണം. നാടിന്റെ സമഗ്രമായ വികസനം ഉറപ്പുവരുത്താനും സാധാരണക്കാരുടെ പ്രശ്നങ്ങളിൽ ഇടപെടാനുമുള്ള ശ്രമത്തെ ജനങ്ങൾ അംഗീകരിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കാനായി കൊണ്ടുവന്ന കിഫ്ബിയെ കേരളീയ സമൂഹം ഏറ്റെടുക്കും.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്

ചെയ്തപ്രകാരമുള്ള 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സംസ്ഥാനം രൂക്ഷമായ ധനപ്രതിസന്ധിയിലാണെന്നും 2021-ഓടുകൂടി സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുമെന്നും ധനകാര്യസ്ഥിതി സംബന്ധിച്ച് പുറത്തിറക്കിയ ധവളപത്രത്തിൽ പ്രഖ്യാപിച്ചശേഷം വീണ്ടും കടമെടുക്കാനുള്ള സർക്കാർ നടപടി സംസ്ഥാനത്തെ കൂടുതൽ കടക്കെണിയിലേയ്ക്ക് കൊണ്ടുപോകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. കെ.എസ്.ആർ.ടി.സി. ആസ്ഥാന മന്ദിരമായ പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ പണയപ്പെടുത്തി 3371 കോടി രൂപ കടമെടുത്തിരിക്കുകയാണ്. കടക്കെണിയിലായ സംസ്ഥാനത്തിന് ഏതെങ്കിലും ധനകാര്യ സ്ഥാപനം വായ്പ തരാൻ തയ്യാറാകുമോയെന്ന കാര്യം സർക്കാർ ആലോചിക്കണം. കിഫ്ബി സമാഹരിക്കുന്ന പണം സർക്കാർ ഖജനാവിൽ നിക്ഷേപിക്കുകയോ സർക്കാർ വകുപ്പുകൾ വഴി ചെലവഴിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ ഇതുസംബന്ധിച്ച മോണിറ്ററിംഗ്, ഓഡിറ്റ്, പ്രോജക്ട് നടപ്പാക്കൽ എന്നിവയെക്കുറിച്ച് വ്യക്തമാക്കണം. വായ്പയെടുത്ത് ഭവന നിർമ്മാണം

പോലുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ വായ്പാ തിരിച്ചടവ് എങ്ങനെയാണെന്ന് പരിശോധിക്കണം. വൻകിട വികസന പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഫണ്ട് സ്വരൂപിക്കാനായി ലാന്റ് ബോണ്ടുകൾ ഇറക്കുന്നത് സംബന്ധിച്ചും പരിശോധിക്കേണ്ടതുണ്ട്. പാവപ്പെട്ട ജനങ്ങളുടെ മേൽ അടിച്ചേല്പിക്കുന്ന കടബാധ്യതയാണ് ഈ ബില്ലിന്റെ ഉള്ളടക്കം. ഉമ്മൻചാണ്ടി സർക്കാർ കേരളത്തിന്റെ വികസനത്തിനായി ദീർഘവീക്ഷണത്തോടുകൂടി നടപ്പാക്കിയ പദ്ധതികളെ അട്ടിമറിക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് വികസനക്ഷേമ പ്രവർത്തനങ്ങളിൽ സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. സംസ്ഥാന ധനകാര്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനും ജനങ്ങളുടെ ദുരിതങ്ങൾ പരിഹരിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

## IX അനുമോദനം

<u>മി. സ്പീക്കർ:</u> ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ജേതാക്കളായ ഇന്ത്യൻ ഹോക്കി ടീമിന്റെ മലയാളി നായകൻ ശ്രീ. പി. ആർ ശ്രീജേഷിനേയും ടീമംഗങ്ങളെയും സഭ ഒന്നടങ്കം അഭിനന്ദിക്കുന്നു.

**(നിയമനിർമ്മാണകാര്യം.........തുടർച്ച)**

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : കിഫ്ബിയുമായി ബന്ധപ്പെട്ട് ഇവിടെ ഉയർന്നുവന്നിട്ടുള്ള ആശങ്കകളേയും വിമർശനങ്ങളേയും സ്വാഗതം ചെയ്യുന്നു. നിയമനിർമ്മാണ സഭ, വിവിധ വകുപ്പുകൾ, നിക്ഷേപകർ എന്നീ മൂന്ന് മേജർ സ്റ്റോക്ക് ഹോൾഡേഴ്സുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനമായ കിഫ്ബിയുടെ പ്രവർത്തനങ്ങളിന്മേൽ നിയമസഭയുടെ ഓവർസൈറ്റ് സ്ക്രൂട്ടിണി നടക്കുന്നില്ലെന്നും വകുപ്പുകളെ നോക്കുകുത്തികളാക്കുന്നുവെന്നുമുള്ള വാദങ്ങൾ അംഗീകരിക്കാൻ കഴിയില്ല. ധന ഉത്തരവാദിത്ത നിയമം പ്രാബല്യത്തിലുള്ളതിനാലും അതുപ്രകാരം എടുക്കാവുന്ന പരമാവധി വായ്പ എടുത്തുകഴിഞ്ഞതിനാലും സംസ്ഥാന ഗവൺമെന്റിന്റെ ഇപ്പോഴത്തെ ധനസ്ഥിതി വച്ച് ബഡ്ജറ്റിലൂടെ വായ്പയെടുക്കാൻ കഴിയില്ല. എന്നാൽ ബഡ്ജറ്റിന് പുറത്തുനിന്നും വായ്പയെടുക്കാമെന്ന വ്യവസ്ഥയുള്ളതിനാൽ സാഹചര്യം വിദഗ്ദ്ധമായി ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. കിഫ്ബിയുമായി ബന്ധപ്പെട്ട് ബോർഡിന്റെ ധനാഗമ മാർഗ്ഗങ്ങളും അവയുടെ വിനിയോഗവും സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റും ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി

കമ്മീഷന്റെ സർട്ടിഫിക്കറ്റും സംസ്ഥാനത്തിന്റെ വാർഷിക ബഡ്ജറ്റ് രേഖയോടൊപ്പം സമർപ്പിക്കുന്നതിനാൽ അതുസംബന്ധിച്ച വിശദാംശങ്ങൾ ബഡ്ജറ്റ് ചർച്ചാവേളയിൽ ഉന്നയിക്കുന്നതിനും പരിശോധിക്കുന്നതിനും പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സർക്കാരിന്റെ ധനകാര്യസ്ഥാപനമായ കിഫ്ബിയുടെ പ്രവർത്തനങ്ങളെയും സാമ്പത്തിക ഇടപാടുകളെയും സംബന്ധിച്ച് പരിശോധന നടത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിയമസഭയുടെ പബ്ലിക് അണ്ടർ ടേക്കിംഗ് കമ്മിറ്റിക്ക് അധികാരമുണ്ട്. 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രോജക്ടുകളെല്ലാം കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. എഫ്.ആർ.ബി.എം. ആക്ടിന്റെ ലംഘനമാകുമെന്നതിനാൽ കിഫ്ബി നേരിട്ട് സ്വരൂപിക്കുന്ന പണം ട്രഷറിയിൽ നിക്ഷേപിക്കുന്നതിനുപകരം ട്രിപ്പിൾ റേറ്റഡ് അസറ്റിലും ഗവൺമെന്റ് ഡിസ്ക്രീഷണറിയായി കിഫ്ബിക്ക് നൽകുന്ന ഫണ്ട് ട്രഷറിയിലും സ്റ്റാറ്റ്യൂട്ടറി ഒബ്ലിഗേഷനായി ലഭിക്കുന്ന ഫണ്ട് മറ്റേതെങ്കിലും ധനകാര്യ സ്ഥാപനത്തിലുമായി സൂക്ഷിക്കുന്ന വ്യത്യസ്തമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കിഫ്ബിയിലൂടെ എന്തെല്ലാം പ്രോജക്ട് വേണമെന്നും

അതൊക്കെ ആരാണ് തീരുമാനിക്കേണ്ടതെന്നും പ്രോജക്ട് നടപ്പിലാക്കേണ്ടതും മേൽനോട്ടം വഹിക്കേണ്ടതും ആരാണെന്നതു സംബന്ധിച്ചും വ്യക്തമായ മാനദണ്ഡം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിക്കാത്ത പ്രോജക്ടുകൾക്ക് കിഫ്ബിയിലൂടെ ധനസഹായം നൽകാൻ സാധിക്കില്ല. എന്നാൽ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രോജക്ടുകൾക്ക് ഡിപ്പാർട്ടുമെന്റുകൾക്കുതന്നെ നേരിട്ട് എ.എസ്. നൽകാവുന്നതാണ്. ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നും എ.എസ്. ലഭിക്കാത്ത ബഡ്ജറ്റിന് പുറത്തുള്ള പ്രോജക്ടുകൾക്ക് പണം അനുവദിക്കുന്നതിന് പ്രസ്തുത പ്രോജക്ട് കിഫ്ബിയിൽ സമർപ്പിക്കണമെന്നും അതിന്റെ വയബിലിറ്റിയെക്കുറിച്ച് പരിശോധിക്കണമെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എഫ്.ആർ.ബി.എം. ആക്ട് പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ തുക അനുവദിക്കേണ്ടിവരുന്നതിനാൽ ഡിപ്പാർട്ടുമെന്റുകൾ നേരിട്ട് പദ്ധതി നടപ്പിലാക്കുന്നതിനുപകരം സ്പെഷ്യൽ പർപ്പസ് വെഹിക്കിളിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടെ മേൽനോട്ടത്തിൽ ഏത് പ്രോജക്ട് ആര് നടപ്പിലാക്കണമെന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക് അധികാരം നൽകുകയും

വർക്ക് പൂർത്തീകരിച്ചുവെന്ന് ഡിപ്പാർട്ടുമെന്റ് സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് കിഫ്ബി ഫണ്ട് അനുവദിക്കുകയും ചെയ്യുന്ന രീതിയാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കമ്പോളത്തിൽ നിന്നും എത്ര പണം സമാഹരിക്കാൻ സാധിക്കുമെന്നതിനെ ആശ്രയിച്ചായിരിക്കും കിഫ്ബിയിൽ പ്രോജക്ടുകളുടെ ക്യൂ ഉണ്ടാകുന്നത്. വളരെ ഇലാസ്റ്റിക്കായ റവന്യൂ സപ്ലൈ ആണ് കിഫ്ബിക്കുള്ളത്. പണത്തിന്റെ കാര്യത്തിൽ ബുദ്ധിമുട്ടില്ലെങ്കിലും നടപ്പാക്കാൻ സാധിക്കുന്ന പ്രോജക്ടുകൾ തയ്യാറാക്കി എടുക്കുന്നതിൽ റെസ്ട്രിക്ഷനുണ്ടാകും. സോഷ്യൽ കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് വഴി അക്കൗണ്ട് ബുക്കിലെ വരവും ചെലവും മാത്രമല്ല സാമൂഹ്യമായി ഇതുണ്ടാക്കുന്ന നേട്ടങ്ങളും കോട്ടങ്ങളും പരിശോധിക്കേണ്ടതുണ്ട്. നിയമത്തിലെ വ്യവസ്ഥയനുസരിച്ച് എസ്റ്റിമേറ്റ് പരിശോധനയ്ക്കായി ഒരു ഇൻസ്പെക്ഷൻ ഏജൻസിയെ സർക്കാർ നിശ്ചയിച്ച് നിയമിക്കുന്നതാണ്. കിഫ്ബിയിൽ നിശ്ചിത നിയമപ്രകാരത്തിലുള്ള പരിശോധന നടത്തുന്നതിലൂടെ റിവൈസ്ഡ് എസ്റ്റിമേറ്റ് വഴി വൻ തുക തട്ടിയെടുക്കുന്നത് ഒഴിവാക്കാൻ സാധിക്കും. കമ്പോളത്തിൽ പരിചയ സമ്പന്നരും വിശ്വാസമാർജ്ജിക്കാൻ കഴിയുന്നവരും ക്രെഡിബിളിളായിട്ടുള്ളവരെയുമാണ് ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി

കമ്മീഷനിൽ ഉൾപ്പെടുത്തുന്നത്. ജനറൽ ഒബ്ലിഗേഷൻ ബോണ്ട് പ്രകാരം നൽകുന്ന പണം ഭാവിയിൽ സർക്കാർ റവന്യൂ വരുമാനത്തിൽ നിന്ന് തിരിച്ചടയ്ക്കുന്നതാണ്. ഗ്യാരന്റി ആക്ടിൽ സ്വകാര്യ കമ്പനികൾക്ക് സർക്കാർ ഗ്യാരന്റി നിൽക്കാൻ പാടില്ലെന്ന് വ്യവസ്ഥയുള്ളതിനാൽ സ്വകാര്യ മാർക്കറ്റിൽ നിന്ന് പണം വാങ്ങുന്ന കിഫ്ബിക്കാണ് സർക്കാർ ഗ്യാരന്റി കൊടുക്കുന്നത്. കിഫ്ബി ഒരു സർക്കാർ സ്ഥാപനമാണ്. ഇതൊരു സ്പെഷ്യൽ നിയമമാണ്. സ്പെഷ്യൽ ആക്ട് ജനറൽ ആക്ടിനെ ഓവർറൈഡ് ചെയ്യുമെന്നുള്ളത് ലായുടെ സെറ്റിൽഡ് പൊസിഷനാണ്. ജനറൽ റവന്യൂവിൽ നിന്നുള്ള ബോണ്ടുകളും പ്രത്യേക പർപ്പസിനുവേണ്ടി റവന്യൂവിൽ നിന്ന് കൊടുക്കുന്ന ബോണ്ടുകളുമുണ്ട്. ലാന്റ് ബോണ്ട് ഇറക്കുമ്പോൾ കിട്ടുന്ന വരുമാനമാർഗ്ഗം ലാന്റ് അക്വയർ ചെയ്തുകഴിഞ്ഞാൽ ഡെവലപ്മെന്റ് ഏജൻസികൾക്കാണ് കൊടുക്കുന്നത്. കിൻഫ്ര, ടെക്നോ പാർക്ക് എന്നിവയ്ക്ക് ആവശ്യമുള്ള പണം ഇനിമുതൽ കിഫ്ബി കൊടുക്കും. കിഫ്ബിയുടെ ഒരു രൂപപോലും നഷ്ടപ്പെടുന്നില്ലെന്ന് ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ ഓരോ ആറുമാസം കൂടുമ്പോഴും യോഗം ചേർന്ന് ഫിഡെലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഇനിയുള്ള വർഷങ്ങളിൽ റവന്യൂ കമ്മി കുറയുകയും അഞ്ചാം വർഷമെത്തുമ്പോൾ റവന്യൂ മിച്ചമുള്ള

സംസ്ഥാനമായി കേരളം മാറുകയും ചെയ്യും. ഏറ്റക്കുറച്ചിലൊക്കെയുണ്ടെങ്കിലും കഴിഞ്ഞ പത്തുവർഷക്കാലം കേരളത്തിലെ റവന്യൂ കമ്മിയിൽ കുറവ് വന്നിട്ടുണ്ട്. എഫ്.ആർ.ബി.എം. ആക്ടനുസരിച്ച് ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾവഴി ഇപ്പോൾ കടം വാങ്ങി പ്രവൃത്തികൾ ചെയ്യും. സംസ്ഥാന വരുമാനത്തിന് ആനുപാതികമായി നോക്കുമ്പോൾ കഴിഞ്ഞ ഭരണകാലത്ത് ക്യാപിറ്റൽ എക്സ്പെൻഡിച്ചറിൽ കുറവ് വന്നിരുന്നു. കേരളത്തിന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ജി.എസ്.ടി.-യിലൂടെ കൊണ്ടുവരാൻ സാധിക്കുമെന്നതിൽ സംശയമില്ല. അപ്പോൾ അതിൽനിന്നും തിരിച്ചടയ്ക്കാം. മോട്ടോർ വെഹിക്കിൾ ടാക്സ് കൂടുന്നതിനനുസരിച്ച് കൊടുക്കുന്ന തുകയുടെ അളവ് ഉയർന്നുകൊണ്ടിരിക്കും. വിവിധ ഏജൻസികളിൽ നിന്നും പണം സമാഹരിക്കുമ്പോൾ SEBI (Securities and Exchange Board of India)-യുടെ മാനദണ്ഡങ്ങളെക്കുറിച്ച് അറിയുന്ന ആളുകളെ ബോർഡിൽ ഉൾപ്പെടുത്തി അവരുമായി പലിശ നിരക്ക്, ടേംസ് ആന്റ് കണ്ടീഷൻസ് എന്നിവയിൽ മാറ്റം വരുത്തുന്നതിന് ശ്രമിക്കുന്നതാണ്. എന്നാൽ ഇപ്പോൾ സർക്കാർ കടം വാങ്ങിയതിന് കൊടുക്കുന്നതിനേക്കാളും കൂടുതൽ പലിശ കൊടുക്കേണ്ടിവരില്ലെന്നാണ് കരുതുന്നത്. ഗവൺമെന്റിന്റെ ഫിസ്കൽ

ഡെഫിസിറ്റ് വർദ്ധിക്കുകയാണ്. ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്തുമ്പോൾ അതിൽ ഒരു എനേബ്ലിംഗ് ക്ലോസ് കൊണ്ടുവരേണ്ടതുണ്ട്.

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

118, 119, 121, 122, 123, 124, 125, 126, 127, 128, 129, 130, 131, 132, 133, 134, 135, 136, 137, 138, 139, 140, 141, 142, 143, 144, 145, 146, 147, 148, 150, 151, 152, 153, 154, 155, 156, 157, 158, 160, 161, 162, 163, 164, 165, 166, 167, 168, 169, 170, 171, 173, 174, 175, 176, 177, 178, 179, 180, 181, 182, 183, 184, 186, 187, 189, 190, 191, 192, 193, 194, 195, 196, 197, 198, 199, 200, 201, 202, 203, 205, 206, 207, 208, 209, 210, 211, 212, 213, 214, 216, 217, 218, 220, 221, 222, 223, 224, 225, 226, 227, 228, 229, 230, 231, 232 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന  ഭേദഗതി ഭേദഗതിയോടെ അംഗീകരിച്ചു :

173. ഖണ്ഡം 2(vi) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഐഎ)യിൽ "പൊതുമേഖലാ സംരംഭമോ" എന്നീ വാക്കുകൾക്കുശേഷം "കേന്ദ്ര സർക്കാരിന്റെ സ്റ്റാറ്റ്യൂട്ടറി ബോർഡുകളും" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു :

118. 2-ാം ഖണ്ഡത്തിൽ "നിക്ഷേപനിധി" എന്ന വാക്കിനു പകരം "നിക്ഷേപ  നിധി" എന്ന വാക്കുകൾ ചേർക്കുക.

121. ഖണ്ഡം 2(i) മുഖേന പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഎ)യിലെ, "സ്വകാര്യമേഖല പങ്കാളി" എന്ന വാക്കുകൾക്ക് പകരം "സ്വകാര്യമേഖലാപങ്കാളി" എന്ന വാക്ക് ചേർക്കുക.

130. ഖണ്ഡം 2(i) മുഖേന പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എബി)യിലെ "സ്വകാര്യമേഖല പങ്കാളിയും" എന്ന വാക്കുകൾക്ക് പകരം "സ്വകാര്യമേഖലാപങ്കാളിയും" എന്ന വാക്ക് ചേർക്കുക.

135. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2(എസി)യിലെ "പ്രാഥമിക നിക്ഷേപത്തിനുള്ള" എന്നീ വാക്കുകൾക്ക്

പകരം "നിക്ഷേപത്തിനുള്ള പ്രാഥമിക" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

234, 235, 236, 237, 238, 239, 240, 241, 242, 244, 245, 247, 248, 249, 250, 251, 252, 253, 254, 255, 256, 257, 258, 259, 260, 261, 262, 263, 264, 265, 266, 267, 268, 269, 271, 272, 273, 274, 275, 276, 277, 278, 279, 280, 281, 283, 284, 285, 286, 287, 288 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു :

246. പ്രധാന ആക്ടിലെ വകുപ്പ് 3(4)(സി)യുടെ അവസാനം "സഹകരണ

ബാങ്കുകൾ, മറ്റു വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്ന് അടിസ്ഥാനസൗകര്യ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിന് എടുക്കുന്ന വായ്പകൾ തിരിച്ചടയ്ക്കുന്നതിന്" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു :

256. ഖണ്ഡം 3(ഇ)(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(സിസി) യിൽ "വായ്പകളും" എന്നതിനു ശേഷം "മുൻകൂറുകളും" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

289, 290, 291, 292, 293, 294, 295, 296, 297, 298, 299, 300, 301,

302, 303, 304 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

305, 306, 307, 308, 309, 310, 311, 312, 313, 314, 315, 316, 318, 319,320, 321, 322, 323, 324, 325, 326, 327, 328, 329, 331, 332, 333, 334, 335, 336, 337, 338, 339, 340, 341, 342, 343, 344, 345, 347, 348, 349, 350, 351, 352 എന്നീ ഭേദഗതികൾ അവതരിപ്പിച്ചു.

308, 324, 329 എന്നീ നമ്പർ ഭേദഗതികൾ 34-നെതിരെ 75 വോട്ടുകളോടെ നിരാകരിക്കപ്പെട്ടു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

354, 355, 356, 357, 359, 360, 361, 362, 364, 367, 368, 369, 370, 372, 373, 374, 375, 376 എന്നീ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ മന്ത്രി സ്വീകരിച്ചു.

364. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 5 എ (4)-ൽ "ആറ്" എന്നതിനു പകരം "എട്ട്" എന്നും "ഒരു ഇൻഡിപെൻഡന്റ് അംഗമെങ്കിലും ചേർന്നാലെ നിയമപ്രകാരമുള്ള ക്വാറം തികയുകയുള്ളൂ." എന്ന വാക്യം അവസാനവും ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

378, 379, 380, 381, 382, 383, 384, 385, 386, 387, 388, 389, 390,

391, 392, 393, 394, 395, 396, 397, 398, 399, 400, 401, 402, 403, 404, 405, 406, 407, 409, 410, 411, 412, 413, 414, 415, 416, 417, 418, 419, 420, 421, 422, 423, 424, 425, 426, 427, 428, 429, 430, 431, 432, 433, 434, 435, 436, 437, 438, 439, 440, 441, 442, 443, 444, 445, 446, 447, 448, 449, 451, 452, 453, 454, 455, 456, 457, 458, 459, 460, 462, 463, 464, 465, 466, 467, 468, 469, 470, 472, 474, 475, 476, 477, 478, 479, 480, 482, 483, 484, 485, 486, 487, 488, 489, 490, 491, 492, 493, 494, 495, 496, 497, 499, 500, 501, 502, 503, 504, 505, 506, 507, 510, 511, 512, 513, 514, 515, 516, 517, 518, 519, 520, 521, 523, 525, 526, 527, 528, 529, 530, 531, 532, 536, 537, 538, 539, 542, 543, 544, 545, 546, 547, 548, 549, 550, 551, 552, 553, 554, 555, 556, 557, 558, 559, 560, 561, 563, 564, 565, 566, 567 എന്നീ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

438. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(കെ)-ൽ "അധികം" എന്ന വാക്കിന് പകരം "മിച്ചം" എന്ന വാക്ക്

ചേർക്കുക.

454. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(ആർ)-ൽ "നിയമസഭയിലേക്കുള്ള" എന്നതിനു പകരം "നിയമസഭയിൽ സമർപ്പിക്കുന്ന" എന്ന് ചേർക്കുക.

483. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(5)-ൽ "നാല്" എന്നതിനു പകരം "അഞ്ച്" എന്ന് ചേർക്കുക.

516. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(8)-ൽ "കരുതുന്ന പ്രകാരമുള്ളത്ര" എന്നതിന് പകരം "കരുതുന്നത്ര പ്രകാരമുള്ള" എന്ന വാക്ക് ചേർക്കുക.

527. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി(2)-ൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

530. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി(2)-ൽ "വിനിയോഗവും അധിക തുകയുടെ നിക്ഷേപവും" എന്നതിനു പകരം "വിനിയോഗവും മിച്ചമുള്ള തുകയുടെ നിക്ഷേപവും" എന്ന് ചേർക്കുക.

499-ാം നമ്പർ ഭേദഗതി മന്ത്രി ഭേദഗതിയോടെ സ്വീകരിച്ചു.

499. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിച്ചിട്ടുള്ള

വകുപ്പ് 6 സി(4)-ൽ "സ്വഭാവദൂഷ്യം" എന്നതിനു ശേഷം "അഴിമതി" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ മന്ത്രി അവതരിപ്പിച്ചു.

568. ബില്ലിന്റെ 8-ാം ഖണ്ഡത്തിൽ (2)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനയിൽ "പ്രോജക്ടിൽ നിന്നുമുണ്ടായ വരുമാനം യൂസർ ലെവി ഉൾപ്പെടെയുള്ള" എന്നത് "പ്രോജക്ടിൽ നിന്നുമുണ്ടായ യൂസർ ലെവി ഉൾപ്പെടെയുള്ള വരുമാനം" എന്ന് മാറ്റുക.

568 എ. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിലെ "ഓരോ ലിറ്റർ

പെട്രോളിന്മേലും ചുമത്തപ്പെടുന്ന സെസ്സ്" എന്ന വാക്കുകൾക്ക് പകരം "പെട്രോളിയം ഉൽപന്നങ്ങളിന്മേൽ ചുമത്തിയിട്ടുള്ള സെസ്സ്" എന്ന് ചേർക്കേണ്ടതാണ്.

569, 570, 571, 572, 573, 574, 575, 576, 577, 578, 579, 580, 581, 582, 583, 584 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 579-ാം നമ്പർ ഭേദഗതി 36 -നെതിരെ 76 വോട്ടുകളോടെ സഭ നിരാകരിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒൻപതാം വകുപ്പ്</u>

586, 587 , 588, 589, 590, 592, 593, 595 , 596, 597, 598, 599 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 588-ാം നമ്പർ ഭേദഗതി 33-നെതിരെ 73 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പത്താം വകുപ്പ്

600, 601, 602, 603, 604 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനൊന്നാം വകുപ്പ്

605, 606, 607, 609, 610, 611, 612, 613, 615, 616, 617 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ്</u>

618-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിമൂന്നാം വകുപ്പ്</u>

620, 621, 622, 623, 624 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാലാം വകുപ്പ്</u>

625, 626, 627, 628, 629, 630, 631, 632, 633, 634, 635, 636, 637, 638, 639, 640, 642, 643, 644, 645, 646, 648, 649, 650, 652,

653, 654, 655 , 656, 657, 658, 659, 660, 661, 662, 663, 664, 665, 666, 667, 668, 669, 670, 671, 672, 673, 674, 675, 676, 677, 678, 679, 680, 681, 682, 683, 684, 685, 686, 687, 688, 689 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

627. ഖണ്ഡം 14 (ബി) -ൽ "ക്വാറം" എന്ന വാക്കിനു പകരം "ക്വാറവും" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 668-ാം നമ്പർ ഭേദഗതി 36-നെതിരെ 73 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനഞ്ചാം വകുപ്പ്</u>

690, 691, 692, 693, 694 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

109, 111, 112, 113, 114, 115, 116, 117 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

109. ദീർഘശീർഷകത്തിൽ " അടിസ്ഥാനസൗകര്യ" എന്ന വാക്കിനു പകരം അടിസ്ഥാന സൗകര്യ" എന്ന വാക്കുകൾ ചേർക്കുക.

111. ദീർഘ ശീർഷകത്തിൽ " നിക്ഷേപനിധി" എന്ന വാക്കിനു പകരം "നിക്ഷേപ നിധി" എന്നീ വാക്കുകൾ ചേർക്കുക.

112. " അടിസ്ഥാനസൗകര്യ"എന്ന വാക്കിനു പകരം "അടിസ്ഥാന സൗകര്യ" എന്ന വാക്കുകൾ ചേർക്കുക.

113. " അടിസ്ഥാനസൗകര്യ നിക്ഷേപനിധി" എന്നതിനു പകരം "അടിസ്ഥാന സൗകര്യ നിക്ഷേപ നിധി" എന്ന് ചേർക്കുക.

114. ഖണ്ഡം 1 (1)-ൽ " അടിസ്ഥാനസൗകര്യ" എന്നത് " അടിസ്ഥാന

സൗകര്യ" എന്ന് മാറ്റുക.

115. ഖണ്ഡം1(1)-ൽ " അടിസ്ഥാനസൗകര്യ നിക്ഷേപനിധി" എന്നത് " അടിസ്ഥാന സൗകര്യ നിക്ഷേപ നിധി" എന്ന് മാറ്റുക.

116. ഖണ്ഡം1(2)-ൽ " മാസം" എന്ന വാക്ക് ഒഴിവാക്കുക.

117. ഖണ്ഡം1(2)-ൽ " കഌതപ്പെടേണ്ടതാണ്" എന്നതിന് പകരം "കരുതപ്പെടേണ്ടതാണ് " എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>):

പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: കടംവാങ്ങി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് എതിരല്ലെങ്കിലും വിവിധ നികുതികളിൽ ഒരു വർദ്ധനയും വരുത്താതെ കിഫ്ബിയിലൂടെ സമാഹരിക്കുന്ന വായ്പ എങ്ങനെ തിരിച്ചടയ്ക്കുമെന്നത് സംബന്ധിച്ച് വ്യക്തത വരുത്തണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് എല്ലാ ഗവൺമെന്റുകളും കടമെടുക്കാറുണ്ട്. കിഫ്ബിയുടെ ധനാഗമ മാർഗ്ഗങ്ങളും വിനിയോഗവും സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്യുന്നതിനോ പി.എ.സി.-ക്ക് ഇതിന്റെ അക്കൗണ്ട്സ് പരിശോധിക്കുന്നതിനോ ഉള്ള സംവിധാനമില്ലെന്നത് ഗൗരവമായി കാണേണ്ടതാണ്. കിഫ്ബി മുഖാന്തിരം മാർക്കറ്റിൽ നിന്ന് സമാഹരിക്കാനുദ്ദേശിക്കുന്നതിനേക്കാൾ കൂടിയ തുകയ്ക്കുള്ള പ്രവൃത്തികൾ സംബന്ധിച്ചാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. ഏറ്റെടുക്കുന്ന പദ്ധതികളിൽ പലതും അൺപ്രൊഡക്ടീവായതിനാൽ സംസ്ഥാന ഗവൺമെന്റിനാണ് ഇതിന്റെ ബാധ്യത മുഴുവൻ വരാൻ പോകുന്നത്. കേന്ദ്ര ഗവൺമെന്റും റിസർവ്

ബാങ്കും ഇതിനോട് എത്രമാത്രം യോജിക്കുമെന്ന ആശങ്കയും ഇതോടൊപ്പം പ്രകടിപ്പിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഈ ബില്ലിനെ സംബന്ധിച്ചുള്ള അതിരുകവിഞ്ഞ ആശങ്കകൾ അടിസ്ഥാനരഹിതമാണ്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ ചൂണ്ടിക്കാണിച്ചാൽ തിരുത്തുന്നതാണ്. ബിൽ ഏകകണ്ഠമായി പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 4.41-ന് പിരിഞ്ഞു.

* * * * * * * * * *